PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം.....03
യുവജനദിനം.....09
വിജ്ഞാപനം.....14
Bishop's Engagement.....16
From the Bishop's Office.....17
നിത്യാരാധനാ കപ്പേള.....20
വിശ്വാസപരിശീലനവേദി.....21
സ്റ്റാർസ്.....27
ബൈബിൾ അപ്പോസ്റ്റലേറ്റ്.....28
തിരുബാലസഖ്യം.....31
അൾത്താരസംഘം.....33
സി.എം.എൽ.....34
കെ.സി.വൈ.എം.....35
സി.എൽ.സി.....37
ഫാമിലി അപ്പോസ്റ്റലേറ്റ്.....38
സെഹിയോൻ ധ്യാനകേന്ദ്രം.....39
പി. എസ്. എസ്. പി.....40
കെ.എൽ.എം.....45
From the Bishop's Diary.....46

226/2014
30-05-2014

# ഇടയലേഖനം-131

## ജേക്കബ് മനത്തോടത്ത്

TO DO WHAT PLEASES HIM

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ആധുനിക കാലഘട്ടത്തിൽ സഭയെ ധീരമായി നയിച്ച രണ്ട് പുണ്യപുരുഷന്മാരാണ് ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായും ജോൺ പോൾ രണ്ടാമൻ പാപ്പായും. ഇക്കഴിഞ്ഞ ഏപ്രിൽ 27-ാം തിയ്യതി ഇവരെ ഫ്രാൻസീസ്സ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിക്കുകയുണ്ടായി. റോമിൽ വച്ചു നടന്ന പ്രസ്തുത നാമകരണ ശുശ്രൂഷയിൽ ഞാനും സംബന്ധിച്ചു. എട്ടുലക്ഷത്തോളം പേരാണ് ആ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നതിനു റോമിൽ എത്തിയത്. ഈ രണ്ടു പാപ്പാമാരുടേയും ജീവിതം നമുക്കേവർക്കും വളരെ പ്രചോദനാത്മകമാണ്.

രണ്ട് മാർപാപ്പമാരും ആധുനിക സഭാചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയവരാണ്. പന്ത്രണ്ടാം പീയൂസ് പാപ്പായുടെ പിൻഗാമിയായിട്ടാണ് എഴുപത്തിയേഴ് വയസ്സ് പ്രായമുണ്ടായിരുന്ന കർദ്ദിനാൾ ആഞ്ചലോ റോങ്കാളി തിരഞ്ഞെടുക്കപ്പെട്ടത്. ജോൺ ഇരുപത്തിമൂന്നാമൻ എന്ന പേരാണ് അദ്ദേഹം സ്വീകരിച്ചത്. സഭയിൽ സമഗ്രവും സമൂലവുമായ നവീകരണം നടക്കേണ്ടതായിട്ടുണ്ട് എന്നു ബോദ്ധ്യമുണ്ടായിരുന്ന പാപ്പ സഭയുടെ വാതായനങ്ങൾ മലർക്കെ തുറന്നിടുവാനുള്ള ആഹ്വാനമാണ് ആദ്യം തന്നെ നൽകിയത്. സഭയുടെ നവീകരണത്തിനും ഐക്യത്തിനും വേണ്ടി ഒരു സൂനഹദോസ് തന്നെ വിളിച്ചു കൂട്ടുവാൻ അദ്ദേഹം തീരുമാനിച്ചു. അപ്രകാരം നടന്നതാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ്. സഭയെ അടി മുടി നവീകരിച്ച മഹത്തായ ചരിത്ര സംഭവമായിരുന്നു അത്.





സുചിന്തിതവും കാര്യക്ഷമവുമായ ഒരുക്കത്തിനു ശേഷമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ 1962 ഒക്ടോബർ 11 ന് തുടങ്ങിയത്. കൗൺസിലിന്റെ ലക്ഷ്യമെന്താണ് എന്ന് വ്യക്തമാക്കുന്നതിനായി മാർപാപ്പ നൽകിയ 5 നിർദ്ദേശങ്ങൾ സഭയിൽ സമഗ്രമായ നവീകരണത്തിന് വഴിയൊരുക്കുന്നവയായിരുന്നു. നമ്മുടെ രൂപതയുടെ ചരിത്രത്തിലെ ആദ്യത്തെ രൂപതാ അസംബ്ലി നടത്തുന്നതിനുവേണ്ടി തയ്യാറെടുപ്പുകളും ആലോചനകളും ചർച്ചകളും നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത അസംബ്ലിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിന് മാർപാപ്പ കൗൺസിലിന് നൽകിയ 5 നിർദ്ദേശങ്ങൾ പൊതുവിൽ സഹായിക്കുമെന്നതുകൊണ്ട് അവ ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു പുതിയ പെന്തക്കുസ്താ അനുഭവം ഉളവാക്കണം. വിശ്വാസത്തിന്റെ പൊതുവായ ആഘോഷമാവണം. ഐകരൂപ്യമല്ല, ഐക്യമാണ് വേണ്ടത്.
2. എല്ലാവരും കാലത്തിന്റെ ചുമരെഴുത്തുകൾ ഗൗരവമായി കണക്കിലെടുക്കണം. ആധുനിക ലോകത്തിൽ ദൈവാത്മാവ് എപ്രകാരം പ്രവർത്തിക്കുന്നു എന്ന് വിവേചിച്ചറിയണം. ശുഭാപ്തി വിശ്വാസത്തോടെ ചിന്തിക്കണം. സഹാനുഭൂതിയോടെ പ്രശ്നങ്ങളെ വീക്ഷിക്കണം. ദോഷൈകദൃക്കുകളാവരുത്.
3. സഭ മുമ്പു പഠിപ്പിച്ച വിശ്വാസസത്യങ്ങൾ അപ്പാടെ ആവർത്തിച്ചു പറയുകയല്ല, ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങൾ പഠിച്ച്, അപഗ്രഥിച്ച്, അർത്ഥവത്തും പ്രസക്തവുമായ രീതിയിൽ ആവിഷ്കരിക്കണം.
4. കാർക്കശ്യത്തിന്റെ ശൈലിയുമായല്ല, കാരുണ്യത്തിന്റെ ലേപനവുമായി ലോകത്തെ സമീപിക്കണം. മിശിഹായുടെ സുവിശേഷത്തിന്റെ പ്രസക്തി ലോകത്തിൽ അനുഭവവേദ്യമാവണം. ജീവിതസാക്ഷ്യമാണ് പരമപ്രധാനം.
5. ബൗദ്ധിക തലത്തിലെ താത്വിക നിർവചനങ്ങളല്ല കൗൺസിലിന്റെ ലക്ഷ്യം. അജപാലന പരമായിരിക്കണം കൗൺസിലിന്റെ പ്രബോധനങ്ങൾ.

ഈ അഞ്ചു നിർദ്ദേശങ്ങൾക്കനുസരിച്ച് കൗൺസിൽപിതാക്കന്മാർ ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി പുറപ്പെടുവിച്ചവയാണ് സഭയെ നവീകരണത്തിലേക്കും ഐക്യത്തിലേക്കും നയിച്ച 16 രേഖകൾ. കൗൺസിലിന്റെ ഏറ്റവും വലിയ നേട്ടമായി എല്ലാവരും എടുത്തു പറയുന്നത് സഭയുടെ യഥാർത്ഥ സ്വഭാവം കണ്ടെത്തുവാൻ, അതായത് സഭ ഒരു സംഘടനയല്ല, കൂട്ടായ്മയാണ്, എന്ന വസ്തുത തിരിച്ചറിയുവാൻ കൗൺസിൽ സഹായിച്ചു എന്നതാണ്.

ദൈവം അയച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നായിരുന്നു. അവൻ സാക്ഷ്യത്തിനായി വന്നു(യോഹ. 1:6-7). യോഹന്നാൻ മാംദാനയെ ഉദ്ദേശിച്ചാണ് സുവിശേഷകനായ യോഹന്നാൻ ഇപ്രകാരം പറഞ്ഞത്. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായെ പറ്റിയും ഇതു തന്നെ പറയാൻ സാധിക്കും. സഭയിൽ സമൂലമായ നവീകരണം വരുത്തുന്നതിനുവേണ്ടി ദൈവം അയച്ച വ്യക്തിയായിരുന്നു ജോൺ ഇരുപത്തിമൂന്നാമൻ. കഷ്ടിച്ച് അഞ്ചുവർഷം മാത്രമേ അദ്ദേഹം സഭയെ നയിച്ചുള്ളൂ. 1963 ജൂൺ 3 ന് അദ്ദേഹം ദിവംഗതനായി. അദ്ദേഹം തുടങ്ങിവച്ച കൗൺസിൽ പൂർത്തിയാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. എന്നാൽ ചുരുങ്ങിയ സമയം കൊണ്ട് സഭയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് അദ്ദേഹം വഴിയൊരുക്കി.

ഒരു നല്ല പിതാവിനടുത്ത സ്നേഹത്തോടും പരിഗണനയോടും കരുതലോടും കൂടിയാണ് അദ്ദേഹം മറ്റുള്ളവരോട് പെരുമാറിയത്. എല്ലാവരുടേയും ക്ഷേമത്തിൽ അദ്ദേഹം തല്പരനായിരുന്നു. അതുകൊണ്ട് " നല്ല പാപ്പ" എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ഹൃദയത്തിലെ നന്മയും നിഷ്ക്കളങ്കതയും വാക്കിലും പെരുമാറ്റത്തിലും പ്രതിഫലിച്ചിരുന്നു. നല്ലവരായിത്തീരുവാനും സഭയുടേയും സമൂഹത്തിന്റേയും നവീകരണത്തിനുവേണ്ടി യത്നിക്കുവാനുമുള്ള ആഹ്വാനമാണ് തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ജീവിത മാതൃകയിലൂടെയും അദ്ദേഹം നൽകിയിരുന്നത്. ഉദ്യോഗസ്ഥ വൃന്ദങ്ങളോടും ലാളിത്യം, എളിമ, നന്മ, മാനുഷികത തുടങ്ങിയ മൂല്യങ്ങൾ സ്വീകരിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. എന്നു മാത്രമല്ല മനുഷ്യന്റെ സാമർത്ഥ്യത്തിനൊ പ്രതാപത്തിനൊ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും എന്നാൽ നന്മ മനുഷ്യനെ ആകർഷിക്കുമെന്നും അവരെ അദ്ദേഹം ഓർമ്മിപ്പിക്കുക കൂടി ചെയ്തു.





ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനായി അറിയപ്പെട്ടിരുന്ന വ്യക്തിയായിരുന്നു ജോൺ ഇരുപത്തിമൂന്നാമൻ.അദ്ദേഹത്തെ അടുത്ത് പരിചയമുണ്ടായിരുന്നവർക്ക് അദ്ദേഹത്തിന്റെ ജീവിത വിശുദ്ധി തിരിച്ചറിയാൻ സാധിച്ചിരുന്നു. വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത ചില പിതാക്കന്മാർ അദ്ദേഹത്തെ താമസം കൂടാതെ വിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ആ പ്രഖ്യാപനം കേൾക്കാൻ അൻപതു വർഷത്തിലേറെ കാത്തിരിക്കേണ്ടിവന്നു.

സഭയിലും സമൂഹത്തിലും കുറവുകളുണ്ട്. നവീകരണം ആവശ്യമാണ്. അതിന് ഓരോരുത്തരും തങ്ങളെക്കൊണ്ട് ചെയ്യാൻ സാധിക്കുന്നത് ചെയ്യണം. നമ്മുടെ ഫ്രാൻസിസ് മാർപാപ്പയെപ്പോലെ നവീകരണത്തിന്റെ ഉപകരണങ്ങളായി നമ്മൾ ഓരോരുത്തരും മാറണം. അപ്പോഴേ നവീകരണം നടക്കൂ. അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ ഭേദം ഒരു കൈത്തിരി കത്തിച്ചു കാണിക്കുന്നതാണ്. നമ്മുടെ നല്ല പ്രവർത്തികളുടെ വശീകരണ ശക്തി ദൂരവ്യാപകമാണ്. അതിനാൽ എല്ലാ പ്രശ്നങ്ങളേയും സൃഷ്ടിപരമായി സമീപിക്കുവാനും ക്രിസ്തീയമായും ക്രിയാത്മകമായും പ്രതികരിക്കുവാനും എല്ലാ സാഹചര്യങ്ങളിലും നന്മ കണ്ടെത്തുവാനും നമ്മൾ ശ്രമിക്കണം. വി. ജോൺ 23-ാമൻ നിർദ്ദേശിച്ചതുപോലെ ദോഷൈകദൃക്കുകളാകാതെ ഗുണൈകദൃക്കുകൾ ആകണം നമ്മൾ. അതിനനുസരിച്ചുള്ള ജീവിത വീക്ഷണവും ജീവിത രീതിയും ഉൾക്കൊള്ളുവാൻ വേണ്ട കൃപയ്ക്കുവേണ്ടി വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമന്റെ പ്രാർത്ഥനാ സഹായം നമുക്കു തേടാം. അദ്ദേഹത്തിന്റെ ജീവീത മാതൃകയിൽ നിന്ന് അതിനുള്ള പ്രചോദനം നമുക്ക് ഉൾക്കൊള്ളാം.

ഇരുപത്തിയേഴു വർഷത്തോളം സഭാ നൗകയെ നയിച്ച വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ആധുനികലോകം ദർശിച്ച ധാർമ്മികതയുടെ തിളക്കമാർന്ന പ്രതീകമായിരുന്നു. കാലത്തിനൊത്ത മാർപാപ്പയായി സർവ്വരാലും അംഗീകരിക്കപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. കാലത്തിന്റെ ചുവരെഴുത്തുകൾ സൂക്ഷ്മ നിരീക്ഷണം ചെയ്തും ആധുനിക പ്രതിഭാസങ്ങളോടും പ്രശ്നങ്ങളോടും ക്രിസ്തീയമായും ക്രിയാത്മകമായും പ്രവാചക ധീരതയോടും പ്രതികരിച്ചും അദ്ദേഹം സഭയെ ധീരമായി നയിച്ചു. എല്ലാവർക്കും പ്രിയങ്കരനായിരുന്ന ജോൺപോൾ രണ്ടാമൻ പാപ്പ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ സമാകർഷിക്കുന്നതിൽ സവിശേഷവൈഭവം പ്രകടിപ്പിച്ചിരുന്നു. അദ്ദേ

ഹത്തിന്റെ അഗാധ വിശ്വാസവും അചഞ്ചലമായ പ്രത്യാശയും ആഴ മേറിയ ദൈവാശ്രയബോധവും അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവർത്തികളിലും എപ്പോഴും പ്രതിധ്വനിച്ചിരുന്നു. കുടുംബങ്ങളുടെ നിലനിൽപ്പും സുസ്ഥിതിയും ലക്ഷ്യംവെച്ചുകൊണ്ട് അദ്ദേഹം കുടും ബങ്ങൾക്കു നൽകിയ ശ്രദ്ധേയമായ ആഹ്വാനം“ കുടുംബമേ, നീ എന്താണോ അതായിത്തീരുക” എന്നതായിരുന്നു. “കുടുംബങ്ങളുടെ പാപ്പ” എന്ന പേരിൽ അറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്ന ത്. പാവപ്പെട്ടവരോട് സവിശേഷമായ സ്നേഹവും അനുകമ്പയും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. അവരെ ഏതെല്ലാം വിധത്തിൽ സഹാ യിക്കാൻ സാധിക്കുമായിരുന്നോ ആ വിധത്തിലെല്ലാം അദ്ദേഹം അവരെ സഹായിച്ചിരുന്നു.

ദിവ്യകാരുണ്യത്തോടും പരിശുദ്ധ അമ്മയോടും അളവറ്റ സ്നേഹം അദ്ദേഹം കാട്ടിയിരുന്നു. മിക്ക രാത്രികളിലും അദ്ദേഹം തന്റെ സ്വകാര്യ ചാപ്പലിൽ സക്രാരിക്കുമുമ്പിൽ മണിക്കൂറുകൾ പ്രാർത്ഥനയിൽ ചില വഴിക്കുമായിരുന്നു. പരിശുദ്ധ കുർബ്ബാനയോടും പരിശുദ്ധ മറിയത്തോ ടുമുള്ള ഭക്തിയെ പറ്റി അദ്ദേഹം നൽകിയിട്ടുള്ള പ്രബോധനങ്ങളിൽ നിഴലിച്ചു നിൽക്കുന്നത് സ്വന്തം ബൗദ്ധിക ആത്മീയ അനുഭവങ്ങളും ഉൾക്കാഴ്ച്ചകളുമാണ്. ഞാൻ പൂർണ്ണമായും നിന്റേതാണ് (Totus tuus)എന്ന ആദർശമാണ് തന്റെ സ്ഥാനിക മുദ്രയിൽ ആപ്തവാക്യ മായി മാർപാപ്പ സ്വീകരിച്ചത്. തികഞ്ഞ മരിയഭക്തനായിരുന്ന അദ്ദേഹം. “ഞാൻ പൂർണ്ണമായും നിന്റേതാണ്” എന്നു പറഞ്ഞുകൊണ്ട് തന്നെ തന്നെ മറിയത്തിന് സമർപ്പിച്ചുകൊണ്ടാണ് പാപ്പാ സ്ഥാനം ഏറ്റെടുത്തത്. പരിശുദ്ധ അമ്മയുടെ പ്രത്യേകമായ സംരക്ഷണവും പരിപാലനയും അദ്ദേഹത്തിന് എപ്പോഴും ലഭിച്ചിരുന്നു.

ജീവിച്ചിരുന്നപ്പോൾ തന്നെ ജോൺപോൾ രണ്ടാമൻ പാപ്പായും വിശുദ്ധനായി അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹസം സ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത ജനലക്ഷങ്ങളിൽ പലരും “സൂബിത്തോ സാന്തോ” (subito santo) എന്നെഴുതിയ ബാനർ ഉയർത്തിപ്പിടിച്ചിരുന്നു. വേഗത്തിൽ വിശുദ്ധനായി പ്രഖ്യാപിക്കപ്പെ ടട്ടെ എന്ന ആശംസയായിരുന്നു അത്. അതുപോലെ തന്നെ സംഭവി ച്ചു. ദിവംഗതനായി ഒൻപത് വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം വിശു ദ്ധരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടു.





വിശുദ്ധ ജോൺപോൾ രണ്ടാമനോടുള്ള സഭയുടെ ഔദ്യോഗിക പ്രാർത്ഥന ഇപ്രകാരമാണ്.“ ഓ, വിശുദ്ധ ജോൺ പോൾ, സ്വർഗ്ഗീയ ജാലകത്തിൽ നിന്ന് അങ്ങയുടെ ആശീർവ്വാദം ഞങ്ങൾക്ക് തരുക. അങ്ങ് സ്നേഹിക്കുകയും സേവിക്കുകയും നയിക്കുകയും ചെയ്ത സഭയെ ആശീർവ്വദിക്കൂ. എല്ലാവർക്കും ക്രിസ്തുവിനെ എത്തിക്കു വാനും എല്ലാവരേയും ക്രിസ്തുവിലേക്ക് ആകർഷിക്കാനും വേണ്ടി ലോകത്തിന്റെ വഴികളിലേയ്ക്ക് അവളെ തള്ളിവിടണമേ. ഓ വിശുദ്ധ ജോൺ പോൾ, സ്വർഗ്ഗീയ ജാലകത്തിൽ മറിയത്തിന്റെ തൊട്ടടുത്ത് നിന്നെ കാണുന്നവരായ ഞങ്ങളുടെ എല്ലാവരുടേയും മേൽ ദൈവാ നുഗ്രഹം വർഷിക്കണമെ, ആമ്മേൻ”.

സഭയെ സ്നേഹിക്കുകയും ധീരമായി നയിക്കുകയും ചെയ്ത ഈ രണ്ടു വിശുദ്ധരുടേയും മാദ്ധ്യസ്ഥ്യ സഹായം നമുക്കു തേടാം. അവ രുടെ ജീവിതവും പ്രവർത്തനവും നമുക്കു മാതൃകയും പ്രചോദനവു മാകട്ടെ. അവരെപ്പോലെ സഭയെ സ്നേഹിക്കുകയും സഭയോടൊത്തു ചിന്തിക്കുകയും ചെയ്യുന്ന സഭാ സ്നേഹികളാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2014 ജൂൺ 8 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# യുവജനദിനം 2014

**ജൂലൈ 6, ഞായർ**

**കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്"
(മത്താ 5:3)

**കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ,**

യുവജനങ്ങളെ ഏറെ സ്നേഹിച്ച, ആധുനികയുഗത്തിലെ തിരുസ്സഭയുടെ രണ്ട് അമൂല്യനിധികളാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ലോകയുവ ജനദിനാഘോഷങ്ങളുടെ സ്വർഗീയമദ്ധ്യസ്ഥനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 2014 ഏപ്രിൽ മാസം 27-ാംതീയതി വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. യുവജനങ്ങളെക്കുറിച്ചുള്ള സഭയുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകൾക്ക് സുപ്രധാനമായ മാറ്റങ്ങൾ കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന് ആരംഭം കുറിച്ച ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും ഇതേ ദിവസം തന്നെയാണ് വിശുദ്ധരുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടത്. ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്രത്തിൽ തിരുസഭയുടെ നിർണായകമായ സാന്നിദ്ധ്യമായി മാറിയ രണ്ട് പുണ്യജന്മങ്ങളാണ് വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ഒരു ലോകയുവജന ദിനം കൂടി കടന്നുവരുമ്പോൾ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള യുവതലമുറയെ ഈ രണ്ട് വിശുദ്ധരുടെയും മദ്ധ്യസ്ഥതയിൽ സമർപ്പിക്കാം.

**29-ാം ലോകയുവജനദിനം**

യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഘോഷമാണ് ലോകയുവജനദിന സമ്മേളനങ്ങൾ. ലോകമെമ്പാടുമുള്ള യുവജനങ്ങളെ ദൈവം സ്നേഹിക്കുന്നതിന്റെയും തിരുസ്സഭ അവരെ അംഗീകരിക്കുന്നതിന്റെയും അടയാളമാണ് യുവജനസമ്മേളനങ്ങൾ. ഇരുപത്തിയെട്ടാം ലോകയുവജനദിനാഘോഷങ്ങൾ നടന്നത് രണ്ടായിരത്തി പതിമൂന്നിൽ ബ്രസിലിലെ റിയോ ഡെ ജനൈറോ (Rio de Jeneiro) യിൽ വച്ചായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും അവിടെ സമ്മേളിച്ച യുവജനങ്ങളുടെ വിശ്വാസ തീക്ഷ്ണത സഭയ്ക്കും സമൂഹത്തിനും പുതിയ പ്രതീക്ഷകൾ നല്കുന്നുണ്ട്. അടുത്ത യുവജനസംഗമത്തിന് വേദി ഒരുങ്ങുന്നത് പോളണ്ടിലാണ്. രണ്ടായിരത്തി പതിനാറിൽ പോളണ്ടിലെ ക്രാക്കോവിൽ നടക്കുന്ന ലോകയുവജനവിശ്വാസസംഗമം തിരുസ്സഭയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരിക്കും.





ഈ വർഷം ആഘോഷിക്കുന്ന ഇരുപത്തിഒൻപതാം ലോകയുവജനദിനം പ്രാദേശിക തലങ്ങളിലാണ് ആഘോഷിക്കപ്പെടുന്നത്. ഈ വർഷത്തെ ലോകയുവജനദിനസന്ദേശത്തിൽ തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പാ പങ്കുവയ്ക്കുന്ന തിരുവചനഭാഗം, വിശുദ്ധ മത്തായി എഴുതിയ സുവിശേഷം അഞ്ചാം അധ്യായം മൂന്നാം വാക്യമാണ്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്". സുവിശേഷസൗഭാഗ്യങ്ങളുടെ പരിവർത്തനശക്തിക്ക്, യുവജനങ്ങളിലൂടെ എപ്രകാരം സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിലൂടെ വ്യക്തമാക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ പ്രഥമ യുവജനദിനസന്ദേശമാണ് ഇരുപത്തിയൊൻപതാം ലോകയുവജനദിന സമ്മാനമായി തിരുസ്സഭ നല്കുന്നത്.

**ദൈവരാജ്യം യുവജനങ്ങളുടെ സമ്പത്ത്**

ആത്മാവിൽ ദരിദ്രരായി മാറിയ തന്റെ ശിഷ്യർക്ക് ദൈവം കൊടുക്കുന്ന സമ്മാനമാണ് സ്വർഗരാജ്യമെന്ന് യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ പ്രഥമവാക്യം പഠിപ്പിക്കുന്നു. പൂർണ്ണതയും സ്വർഗ്ഗരാജ്യവും ആർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ വ്യവസ്ഥ എന്താണെന്നും ഈ സുവിശേഷ ഭാഗത്ത് ദർശിക്കാനാവും. ഇപ്രകാരം ശിഷ്യർ നേടിയെടുക്കുന്ന സമ്മാനം യേശുനാഥനെ പിൻതുടരുന്ന വ്യക്തികളുടെ സൗഭാഗ്യമാണ്. അങ്ങനെയെങ്കിൽ സ്വർഗ്ഗരാജ്യമെന്ന വലിയ സമ്പത്തിന്റെ ഉടമയായ, ആത്മാവിൽ ദിരദ്രരായ ഭാഗ്യവാന്മാരും ഭാഗ്യവതികളും, 'സമ്പന്നരായ' യുവജനങ്ങളാണ്.

യുവത്വത്തിന്റെ ശക്തിയും ഓജസ്സും ജീവിതമൂല്യങ്ങളും ഭാവിയെക്കുറിച്ച് സ്വപ്നം കാണാനുള്ള വിശാലമായ മനസ്സും നല്കിയേക്കാവുന്ന സുരക്ഷയുടെ കവചങ്ങളിൽ നിന്നും അഹന്തയുടെ കൂടാരങ്ങളിൽ നിന്നും പുറത്തുവന്ന്, ദരിദ്രഭാവം ഉൾക്കൊണ്ടുകൊണ്ട്, വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ശബ്ദമായി മാറിയ യുവാവായ യേശുനാഥന്റെ കർമ്മപഥങ്ങളിലേക്കിറങ്ങിവരാനുള്ള ദൈവവിളിയാണ്, തന്റെ പ്രഥമ യുവജനദിന സന്ദേശത്തിലൂടെ മാർപാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നത്. രണ്ടായിരത്തി പതിമൂന്നിലെ ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യമായിരുന്ന "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന തിരുവചനവും ആത്മാവിൽ ദരിദ്രരാകാൻ ആഹ്വാനം ചെയ്യുന്ന പ്രഥമ സുവിശേഷഭാഗ്യവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ദൈവിക സന്ദേശങ്ങളാണ്.

**സുവിശേഷത്തിന്റെ സന്തോഷം**

ദൈവരാജ്യം പ്രസംഗിക്കാനും ശിഷ്യപ്പെടുത്താനുമുള്ള

ദൗത്യനിർവഹണ ത്തിന് ആവശ്യമായ ഒരു പ്രധാനപ്പെട്ട നിബന്ധനയാണ് ആത്മാവിൽ ദരിദ്രരായി മാറുകയെന്നത്. ഈ പരിവർത്തനത്തിന്റെ ഫലമായ സൗഭാഗ്യമാണ്, യുവശിഷ്യന്റെ സന്തോഷം. യുവജനങ്ങൾ ഏർപ്പെടുന്ന എല്ലാ സുവിശേഷ പ്രവർത്തനങ്ങളുടെയും വിജയവും വളർച്ചയും അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത് അവർ സ്വന്തമാക്കുന്ന ഈ സന്തോഷമാണ്. ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രഥമ അപ്പസ്തോലികപ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷത്തിൽ" *(Evangelii Gaudium)* പങ്കുവയ്ക്കുന്നത് ഈ സന്തോഷത്തിന്റെ അനന്തസാധ്യതകളാണ്. ആ രേഖ യുവജനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് തങ്ങളുടെ ദൗത്യനിർവഹണം കാര്യക്ഷമമാക്കാൻ സഹായിക്കും.

ആത്മാവിൽ ദരിദ്രരായി നേടിയെടുക്കുന്ന അദൃശ്യമായ സമ്പത്തിന്റെ ദൃശ്യമായ അടയാളങ്ങളായി മാറുന്ന സുവിശേഷത്തിന്റെ സന്തോഷത്തിന്റെ പ്രഘോഷകരാകാനാണ്, ദൈവം ഓരോ നിമിഷവും താൻ ഏറ്റവും സ്നേഹിക്കുന്ന യുവജനങ്ങളെ വിളിക്കുന്നത്. ഈ ദൗത്യത്തിൽ പങ്കുകാരാകുന്ന യുവജനങ്ങളോട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, ദാരിദ്ര്യത്തെയും ദരിദ്രനെയും സംബന്ധിക്കുന്ന മൂന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. (1) ദരിദ്രരെ സ്നേഹിക്കാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നും പഠിക്കുക.

**പ്രതീക്ഷ നല്കുന്ന യുവജനം ...കരുതലോടെ മുന്നേറാം...**

കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും നല്കുന്ന നിസ്വാർത്ഥസേവനത്തെ ഈ ദിനം അഭിമാനത്തോടെ അനുസ്മരിക്കാം. സമൂഹത്തിന്റെ വളർച്ചയ്ക്കും തിരുസഭയുടെ ദൈവരാജ്യപ്രഘോഷണമേഖലകളിലും അനേകം യുവജനങ്ങൾ തങ്ങളുടെ സമ്പത്തായ സമയവും ആരോഗ്യവും പണവും വ്യയം ചെയ്യുന്നുണ്ട്. തിരുസഭയെയും വിശ്വാസസത്യങ്ങളെയും തകർക്കാൻ വെമ്പൽകൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമെതിരെ പടവാളെടുക്കേണ്ടത് വിശ്വാസത്തിന്റെ കാവൽക്കാരായ യുവജനങ്ങളാണ്. സമാധാനവും നീതിയും സമത്വവും സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്ന ചാലകശക്തികളായി ഓരോ യുവാവും യുവതിയും മാറണം. രാജ്യത്തിന്റെ അഖണ്ഡതയും സുരക്ഷയും തകർക്കുന്ന എല്ലാം വിധ്വംശക പ്രവർത്തനങ്ങളെയും എതിർക്കുന്ന രാജ്യസ്നേഹികളാവണം ഈ നാടിന്റെ യുവശബ്ദം.

തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ തിരുസഭയുടെ ശബ്ദമായി സമൂഹത്തിൽ എന്നും കർമ്മനിരതരാകേണ്ടത് ക്രൈസ്തവയുവതയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പോരാട്ടത്തിലും യുവജനങ്ങളാണ് മുന്നിട്ടിറങ്ങേണ്ടത്. യുവജനങ്ങളെ തെറ്റായി





സ്വാധീനിക്കുന്ന തിന്മയുടെ ശക്തികൾ എക്കാലത്തും സമൂഹത്തിന്റെ ശാപമാണ്. തെറ്റായ മൂല്യങ്ങളെ പ്രലോഭനാത്മകമായി അവതരിപ്പിക്കുന്ന മാധ്യമസംസ്കാരം യുവജനം തിരിച്ചറിയണം. മാധ്യമവളർച്ചയിലൂടെ ലോകം നേടിക്കൊണ്ടിരിക്കുന്ന അറിവിന്റെ വിസ്ഫോടനത്തെ ഇവിടെ നാം തള്ളിക്കളയുന്നില്ല. രാഷ്ട്രീയ സാമൂഹിക തലങ്ങളിലെ തെറ്റായ കീഴ്വഴക്കങ്ങളും അധികാരകേന്ദ്രീകരണവും പണത്തിന്റെയും രാഷ്ട്രീയത്തിന്റെയും മറവിൽ വരുന്ന അക്രമവും ദാരിദ്രവും അസമത്വവും മാറ്റിയെഴുതുവാൻ തക്ക ലക്ഷ്യബോധമുള്ളവരാകണം യുവജനങ്ങൾ.

നന്മയുടെ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിനും സംസ്കാരത്തെ വളർത്തുന്നതിനും ഉതകുന്ന വളക്കൂറുള്ള മണ്ണാണ് കലാലയങ്ങൾ. യുവജനങ്ങളിൽ ഏറിയ പങ്കും പഠനവുമായി ബന്ധപ്പെട്ട് കലാലയങ്ങളിൽ ആയിരിക്കുമ്പോൾ മൂല്യബോധമുള്ള ക്രൈസ്തവ യുവജനങ്ങളുടെ സാന്നിധ്യം ഓരോ കലാലയത്തെയും സമ്പന്നമാക്കണം. ഒരു പുതിയ സംസ്കാരത്തിന്റെ പ്രവാചകരാകണം കാമ്പസിലെ ക്രൈസ്തവ യുവജനങ്ങൾ.

ആധുനിക ലോകത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും അവയെ അതിജീവിക്കാനുള്ള കർമപദ്ധതികൾ തയ്യാറാക്കാനുമായി തിരുസഭ ഈ കാലയളവിൽ ഒരു സാധാരണ സിനഡും ഒരസാധാരണ സിനഡും വിളിച്ചുകൂട്ടുകയാണ്. ഈ അവസരത്തിൽ ക്രൈസ്തവയുവതയും കുടുംബഭദ്രതയും എന്ന പഠനവിഷയം യുവജനങ്ങൾക്കായി കെസിബിസി യൂത്ത് കമ്മീഷൻ സമർപ്പിക്കുന്നു. 'കുടുംബമേ നീ എന്താണോ അതായിത്തീരുക' എന്ന് കുടുംബങ്ങളുടെ മാർപാപ്പായായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തകർച്ചയിലേക്ക് നീങ്ങുന്ന കുടുംബങ്ങളെയും സമൂഹത്തെയും സുസ്ഥിരപ്പെടുത്താൻ യുവജനങ്ങൾ തയ്യാറാകണം. അത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്.

കുടുംബങ്ങളെക്കുറിച്ച് ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം. വിവാഹജീവിതത്തെയും കുടുംബഭദ്രതയെയും ബാധിക്കുന്ന ആധുനിക വെല്ലുവിളികളെ അതിജീവിക്കുവൻ യുവജനങ്ങൾ തങ്ങളെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. വിവാഹമോചനവും വർധിച്ചുവരുന്ന മദ്യസംസ്കാരവും മയക്കുമരുന്നുപയോഗവും മാധ്യമങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും ഏറെ കരുതലോടെ നേരിടേണ്ട വെല്ലുവിളികളാണ്. നാഗരിക സംസ്കാരവും പ്രഫഷണലിസവും വർധിച്ചുവരുമ്പോൾ പരസ്പരബന്ധവും വിട്ടുവീഴ്ചകളും കൂടുതൽ ശ്രദ്ധക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കുടുംബജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണ് ദൈവവിശ്വാസവും പ്രാർത്ഥനാചൈതന്യവും. കൂടുതൽ കുഞ്ഞുങ്ങളും ജീവന്റെ

സംരക്ഷണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന ഈ നന്മകളിലൂടെ ഒരു നവീനസംസ്കാരത്തെ കെട്ടിപ്പടുക്കുവാനുള്ള കടമ ഓരോ യുവാവിനും യുവതിക്കുമുണ്ട്.

**ഉപസംഹാരം**

കഴിഞ്ഞ കാലഘട്ടങ്ങളിൽ മാതൃരാജ്യത്തിന്റെ വളർച്ചയ്ക്കും ദൈവരാജ്യ പ്രഘോഷണത്തിനും കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ ചെയ്തിട്ടുള്ള എല്ലാ മുന്നേറ്റങ്ങളെയും കേരളസമൂഹവും കേരള കത്തോലിക്കാ മെത്രാൻ സമിതിയും നന്ദിയോടുകൂടി സ്മരിച്ചുകൊണ്ട് തങ്ങളുടെ ക്രൈസ്തവസാന്നിധ്യം കൂടുതൽ വിശ്വസ്തതയോടെ തുടർന്നുകൊണ്ടുപോകുവാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. യുവജനങ്ങൾക്കുവേണ്ടി യുവജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ അഭിവന്ദ്യപിതാക്കന്മാരെയും അതിരൂപത, രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സേവനം ചെയ്യുന്ന ഡയറക്ടറച്ചന്മാരെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെയും, യുവജനനേതാക്കന്മാരെയും നന്ദിയോടുകൂടി ഓർക്കുകയും അവരുടെ നിസ്വാർത്ഥസേവനങ്ങൾക്ക് ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. ആധ്യാത്മികതയിലും ബൗദ്ധിക വളർച്ചയിലും സാമൂഹികസാംസ്കാരിക മുന്നേറ്റങ്ങളിലും നിലംതികഞ്ഞ മാതൃകായുവജനങ്ങളെ ഇന്ന് ലോകത്തിനാവശ്യമുണ്ട്. എല്ലാറ്റിന്റെയും സ്രഷ്ടാവും അധിപനുമായിരിക്കെ ദരിദ്രനായി ജനിച്ച് വേദനിക്കുന്നവന്റെ രക്ഷയായും പ്രതീകമായും സ്വർഗീയപിതാവിന്റെ ഇഷ്ടത്തിനായി സ്വജീവിതം ബലി നല്കിയ യുവാവായ യേശുനാഥന്റെ മാതൃക പിൻചെല്ലാൻ, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതമാതൃകയെ അനുസ്മരിച്ചുകൊണ്ട്, പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. യുവജനങ്ങളിലുണ്ടാകേണ്ട ഒരു പരിവർത്തനത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ശിഷ്യത്വം ആവശ്യപ്പെടുന്ന ഈ ത്യാഗം, ആധുനിക യുഗത്തിന്റെ എല്ലാ തിന്മകളിൽ നിന്നും അകന്നു നിന്നുകൊണ്ട്, പാവപ്പെട്ടവനോടും തിരസ്കരിക്കപ്പെട്ടവനോടും അടിച്ചമർത്തപ്പെട്ടവനോടും പക്ഷം ചേരുന്ന യുവാവായ യേശുനാഥന്റെ ജീവനിൽ പങ്കുചേരാനുള്ള ക്ഷണമാണ്.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**

ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

---

N.B. 2014 ജൂലൈ 6-ാം തീയതി കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.





227/2014
30.05.2014

# വിജ്ഞാപനം - 122

## പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീർന്നതിനാൽ പുതിയ കൗൺസിലിനു രൂപം നൽകാൻ ഉദ്ദേശിക്കുന്നു.

മെത്രാന്റെ അധികാരത്തിനു കീഴിൽ രൂപതയിലെ അജപാലനപ്രവർത്തനം സംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ നല്കുന്നതിനുംവേണ്ടി രൂപതയിലെ ദൈവജനം മുഴുവന്റെയും പ്രാതിനിധ്യമുള്ള സമിതിയാണ് പാസ്റ്ററൽ കൗൺസിൽ. അടിയുറച്ച വിശ്വാസവും നല്ല ധാർമ്മികതയും വിവേകവുമുള്ളവരെ മാത്രമെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളാക്കാവൂ എന്ന് സഭാ നിയമം നിർദ്ദേശിക്കുന്നു. (cf.CCEO cc. 272-273).

ഫൊറോനയിലും രൂപതയിലും നടത്തപ്പെടുന്ന കൗൺസിൽ യോഗങ്ങളിൽ മുടങ്ങാതെ സംബന്ധിക്കുവാൻ സന്നദ്ധതയുള്ളവരും ചർച്ചകളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകാൻ കഴിവുള്ളവരെയുമാണ് ഇടവകകളിൽ നിന്ന് തെരഞ്ഞെടുത്ത് അയക്കേണ്ടതെന്ന് പ്രത്യേകം അറിയിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർ 21 വയസ്സ് പൂർത്തിയായവരായിരിക്കണം. തുടർച്ചയായി രണ്ടിലധികം തവണ ഒരാളെ പാസ്റ്ററൽ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കാൻ പാടുള്ളതല്ല.

താഴെ പറയുന്നവരാണ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

a) **എക്സ് ഒഫീഷ്യോ അംഗങ്ങൾ:** (1) കൂരിയ അംഗങ്ങൾ, (2) ഫൊറോന വികാരിമാർ, (3) പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി (4) സന്യാസ സമൂഹങ്ങളുടെ ജനറൽ സുപ്പീരിയർമാരും പ്രൊവിൻഷ്യൽ സുപ്പീരിയർമാരും (5) ഭക്തസംഘടനകളുടെ രൂപതാ ഡയറക്ടർമാർ (6) രൂപതാ മൈനർ സെമിനാരി റെക്ടർ (7) സെന്റ് വിൻസന്റ് ഡി പോൾ സംഘത്തിന്റെ രൂപത പ്രസിഡണ്ട്.

b) **തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ:** ഓരോ ഫൊറോനയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അല്മായ പ്രതിനിധി കൾ (3 പുരുഷന്മാർ, 2 സ്ത്രീകൾ). ഇതിന് ഓരോ ഇടവകയിൽ നിന്നും പ്രതിനിധികളായി ഒരു പുരുഷനേയും ഒരു സ്ത്രീയേയും തെരഞ്ഞെടുത്ത് അവരുടെ പേരുകൾ 2014 ജൂൺ 30ന് മുമ്പായി അതത് ഫൊറോനാ വികാരിമാർക്ക് നൽകണം. ഫൊറോന വികാരി ആ പ്രതിനിധികളെ വിളിച്ചുകൂട്ടി അവരിൽ നിന്നും അഞ്ചുപേരെ തെരഞ്ഞെടുക്കേണ്ടതാണ്.

1 ഓരോ ഫൊറോനയിലും ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന അച്ചൻമാരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടുപേർ. ഈ തെരഞ്ഞെടുപ്പ് നടത്തേണ്ടത് ഫൊറോന വികാരിമാരുടെ ഉത്ത രവാദിത്വമാണ്.

2. മതാദ്ധ്യാപകരെ പ്രതിനിധീകരിച്ച് ഓരോ ഫൊറോനയിൽ നിന്നും ഒരു മതാദ്ധ്യാപകനും ഒരു മതാദ്ധ്യാപികയും. തെര ഞ്ഞെടുപ്പിനു ആവശ്യമായതു ചെയ്യേണ്ടത് ഫൊറോന വികാ രിമാരാണ്.

3. രൂപതയിലെ യുവജനങ്ങളെ പ്രതിനിധീകരിച്ച് രൂപത കെ.സി. വൈ.എം. ജനറൽബോഡി തെരഞ്ഞെടുക്കുന്ന ഒരു യുവാവും ഒരു യുവതിയും.

4. രൂപതയിൽ പ്രൊവിൻഷ്യൽ ഹൗസുകൾ ഇല്ലാത്ത സന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സ് തങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പ്രതിനിധികൾ.

തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ 2014 ജൂലൈ 31ന് മുമ്പായി ബഹു. അബ്രഹാം പാലത്തിങ്കൽ അച്ചനെ ഏല്പ്പിക്കേണ്ട താണ്. എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യേശുവിൻ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**








**2014 JUNE**

| | | |
|---|---|---|
| 1 | | St. Joseph Forane Church, Ottappalam |
| 3 | | Meeting of Permanent Synod, P.O.C. |
| 3-5 | | KCBC Meeting, P.O.C. |
| 7 | AM | Marriage, Thaikkattussery |
| 8 | | Holy Family Church, Chittur, Palakkad |
| 9 | AM | St. Mary's Minor Seminary, Kalleppully |
| 10 | | Monthly Recollection, Bishop's House |
| 12 | PM | Deivadan Centre, Vadakkencherry |
| 13 | | Sehion Retreat Centre, Thavalam |
| 15 | | Holy Trinity Forane Church, Thavalam |
| 16 | | St. Peter Church, Jellippara |
| 18-19 | | Health Commission Meeting, Delhi |
| 22 | | Parish Visit |
| 29 | | Sacred Heart Church, Thiruvizhamkunnu |




**പ്രാർത്ഥനയിൽ സ്മരിക്കാൻ**

ഫാ. സെബാസ്റ്റ്യൻ തയ്യിൽ, മരണ വാർഷികം - ജൂൺ 29.

**പത്രോസിന്റെ കാശ്**

മാർപാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 29-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**മാസധ്യാനം**

ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം ജൂൺ 10ന് രൂപതാകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. മാസധ്യാനത്തിനുശേഷം വൈദിക ക്ഷേമനിധിയുടെ ജനറൽബോഡി ചേർന്ന് 2013-2014 ലെ കണക്ക് അവതരിപ്പിക്കുന്നതോടൊപ്പം, ഈ പ്രസ്ഥാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനാവാശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. പ്രസ്തുതയോഗത്തിൽ അംഗങ്ങളെല്ലാവരും ആദ്യന്തം പങ്കുകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാലക്കാട് രൂപത റൂബി ജൂബിലി അവാർഡുകൾ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു**

പാലക്കാട് രൂപത റൂബി ജൂബിലി ആഘോഷിക്കുന്നവേളയിൽ കല, കായിക, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, മേഖലകളിൽ പ്രതിഭയും മികവും തെളിയിച്ചവരെ ആദരിക്കുന്നതാണ്. രൂപതയുടെ അഭിമാനവും യശസ്സും ഉയർത്തിയ വ്യക്തികളെ നാമനിർദ്ദേശം ചെയ്യുന്നതിന് താഴെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതാണ്.

**അവാർഡിന് അപേക്ഷ നൽകാൻ യോഗ്യതയുള്ളവർ**

1. കല, സാഹിത്യം, കായികം, സാംസ്കാരികം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലോ, ദേശീയ തലത്തിലോ, അന്തർദേശീയ തലങ്ങളിലോ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ
2. യൂണിവേഴ്സിറ്റി തലത്തിൽ ഒന്ന്, രണ്ട്, മൂന്ന്, സ്ഥാനങ്ങൾ ലഭിച്ചവർ.
3. സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ 'എ' ഗ്രേഡോടെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചവർ





4. ദേശീയ ചാനലുകളിൽ പങ്കെടുത്ത് (റിയാലിറ്റി ഷോ, ക്വിസ്) തുടങ്ങിയവയിൽ 1,2,3 സ്ഥാനങ്ങൾ ലഭിച്ചവർ. പ്രാദേശിക (ലോക്കൽ) ചാനലുകൾ പരിഗണിക്കുന്നതല്ല.

**മാനദണ്ഡങ്ങൾ**

1. ബഹു. വികാരിയച്ചനാണ് ഇടവകയിൽ നിന്നുള്ള അർഹരായവരുടെ നാമനിർദ്ദേശം നടത്തേണ്ടത്.
2. പാലക്കാട് രൂപതയിലെ ഇടവക അംഗങ്ങളുടെ പേരുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. പഠനത്തിനും മറ്റു ആവശ്യങ്ങൾക്കുമായി ഹോസ്റ്റലിൽ നിൽക്കുന്ന കുട്ടികളെ പരിഗണിക്കുന്നതല്ല.
3. അവാർഡിനായി അപേക്ഷിക്കുമ്പോൾ ലഭിച്ച അവാർഡിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും ഉണ്ടായിരിക്കണം.
4. കുടുംബവർഷത്തിൽ പാലക്കാട് രൂപതയിൽ വെച്ച് 2011 ഫെബ്രുവരിയിൽ മേജർ ആർച്ച് ബിഷപ്പിൽ നിന്ന് അവാർഡുകൾ സ്വീകരിച്ചതിനുശേഷം അവാർഡിന് അർഹരായവർ.
5. നാമനിർദ്ദേശം നൽകുവാനുള്ള അവസാന തിയ്യതി ജൂലായ് 31 ആയിരിക്കും.

**പ്രത്യേക അവാർഡുകൾ**

1. കൂടുതൽ മക്കളുള്ള മാതാപിതാക്കൾ ആറോ അതിലധികമോ മക്കൾ ഉള്ളവർ (അമ്മയോ അപ്പനോ ജീവിച്ചിരിക്കുന്നവർ)
2. ഈ വർഷം വിവാഹത്തിന്റെ 40-ാം വാർഷികം ആഘോഷിക്കുന്നവർ
3. പൗരോഹിത്യം സന്യാസം എന്നിവയുടെ റൂബി ജൂബിലി ആഘോഷിക്കുന്നവർ.

**സ്കോളർഷിപ്പ് വാർത്തകൾ**

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ പഠനത്തിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ സമയമായിരിക്കുന്നു. നമ്മുടെ രൂപതയിൽ ഉൾപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുണ്ട്. വിദ്യാർത്ഥി പഠനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലൂടെയാണ് അപേക്ഷിക്കേണ്ടത്.

**1. പ്രീ-മെട്രിക് സ്കോളർഷിപ്പ്:** ഒന്നു മുതൽ പത്തുവരെ ക്ലാസ്സിൽ പഠിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സർക്കാർ അംഗീകൃത സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനി

വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. മുൻപരീക്ഷയിൽ 50% ൽ കുറയാത്ത മാർക്ക് വാങ്ങിയിരിക്കണം. അവസാന തിയ്യതി ജൂലൈ 31.

**2. Moulana Azad Scholarship Meritoruous Girl Students:** +1 ക്ലാസ്സിൽ ഈ വർഷം ചേരുന്ന ക്രിസ്ത്യൻ പെൺകുട്ടികൾക്കു മാത്രം. 6000+6000=12,000/- രൂപ രണ്ടു വർഷത്തേക്ക് ലഭിക്കും. അവസാന തിയ്യതി: സെപ്റ്റംബർ 30. വിശദാംശങ്ങൾ: www.maef.nic.in, ഫോൺ: 011-23583788,23583789

**3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:** 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള +1 മുതൽ Phd വരെ, എഞ്ചിനീയറിംഗ് മുതൽ B.Sc നഴ്സിങ്ങ് വരെ ഏതെങ്കിലും കോഴ്സിനു പഠിക്കുന്ന ക്രിസ്ത്യൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. അവസാന തിയ്യതി: സെപ്ററംബർ 30.

**4. മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ്:** M.Phil/Ph.D എന്നിവയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന സ്കോളർഷിപ്പ്

**5. Merit Cum Means Based Scholarship :** 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകൾക്ക്, ഗ്രാജുവേറ്റ്, P.G ക്ലാസ്സുകളിൽ പഠിക്കുന്നതിന് അവസാന തിയ്യതി സെപ്റ്റംബർ 30.

**വിദ്യാഭ്യാസ ലോൺ**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് വസ്തു/ ശമ്പള ജാമ്യത്തിന്മേൽ വിദ്യാഭ്യാസ ലോണിന് അപേക്ഷിക്കാം. ഒരു വർഷം ഒരുലക്ഷം രൂപാവരെ പരമാവധി 5 ലക്ഷം 3.5-4% പലിശ.

**വിശദ വിവരങ്ങൾക്ക്** ഫോൺ: 0491-2545167

പാലക്കാട് മുനിസിപ്പൽ ബസ് സ്റ്റാന്റിനു പുറകിലുള്ള നൈനാൻസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസിൽ നിന്ന് നേരിട്ട് അപേക്ഷാ ഫോറം ലഭിക്കും.

പി.എസ്.എസ്.പി. ഹെൽപ്പ് ഡെസ്ക് നമ്പർ: 0491-2520395,2527784.

9447020395

**അഭിനന്ദനങ്ങൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ M.Com (Marketing) പരീക്ഷയ്ക്ക് 2012-2013 വർഷങ്ങളിൽ ഒന്നും രണ്ടും റാങ്കുകൾ നേടിയ കൊടുവായൂർ മേരിയൻ കോളേജിനും റാങ്കുജേതാക്കൾക്കും അഭിനന്ദനങ്ങൾ





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jul-14 | TUE | Rev. Fr. Ackaparambil Joyson |
| 2-Jul-14 | WED | Rev. Fr. Aikkara Aji |
| 3-Jul-14 | THU | Rev. Fr. Aippanparambil Dominic |
| 4-Jul-14 | FRI | Rev. Fr. Alackakunnel Jose |
| 5-Jul-14 | SAT | Rev. Fr. Aloor John |
| 7-Jul-14 | MON | Rev. Fr. Angeveettil Jose |
| 8-Jul-14 | TUE | Rev. Fr. Anjilimoottil Cherian |
| 9-Jul-14 | WED | Rev. Fr. Arisseriyil Thomas |
| 10-Jul-14 | THU | Rev. Fr. Chakkiath James |
| 11-Jul-14 | FRI | Rev. Fr. Chakkumpeedika Davis |
| 12-Jul-14 | SAT | Rev. Fr. Chalakkal Jeejo |
| 14-Jul-14 | MON | Rev. Fr. Cheniyara Jose |
| 15-Jul-14 | TUE | Rev. Fr. Cheekkapara Joy |
| 16-Jul-14 | WED | Rev. Msgr. Chittilapilly Joseph |
| 17-Jul-14 | THU | Rev. Fr. Chittilapally Jose P. |
| 18-Jul-14 | FRI | Rev. Fr. Chothirakottu Peter |
| 19-Jul-14 | SAT | Rev. Fr. Edathala George |
| 21-Jul-14 | MON | Rev. Fr. Ettonnil Gilbert |
| 22-Jul-14 | TUE | Rev. Fr. Ettumanookaran Martin |
| 23-Jul-14 | WED | Rev. Fr. Kachapilly Joby |
| 24-Jul-14 | THU | Rev. Fr. Kalampadan Martin |
| 25-Jul-14 | FRI | Rev. Fr. Kalan Dhanesh |
| 26-Jul-14 | SAT | Rev. Fr. Kalapurakkal Joseph |
| 28-Jul-14 | MON | Rev. Fr. Kalrickal Shinoj |
| 29-Jul-14 | TUE | Rev. Fr. Kallingal Joseph |
| 30-Jul-14 | WED | Rev. Fr. Kanjirathinkal Renny |
| 31-Jul-14 | THU | Rev. Fr. Kannampadathil Johnson |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 1-ാം തിയ്യതി ഞായറാഴ്ച പുതിയ അദ്ധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം (13, 14, 15 വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണ്. 12-ാം ക്ലാസ്സ് കഴിഞ്ഞവരും വരും വർഷങ്ങളിൽ വേദപാഠം പഠിപ്പിക്കാൻ സാധ്യതയുള്ളവരും ഇതിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. രജി.ഫീസ്. 350 രൂപ

**ബി. ടി. സി ക്ക് വരുമ്പോൾ കൊണ്ടുവരേണ്ട സാധനങ്ങൾ:** കത്രിക, സ്കെച്ച് പെൻ, ചാർട്ടുണ്ടാക്കാനുള്ള പടങ്ങൾ, പശ, സ്കെയിൽ, റബ്ബർ, പഠിപ്പിക്കാനുദ്ദേശിക്കുന്ന ക്ലാസ്സിലെ പാഠപുസ്തകം, ടീച്ചിംഗ് നോട്ട്, അദ്ധ്യാപകസഹായി, നോട്ടുബുക്ക്, സി.സി.സി, യൂക്യാറ്റ്,

**പുസ്തകം പരിചയപ്പെടുത്തൽ**

പുതിയ അധ്യാപകർക്കും ക്ലാസ്സുമാറി പഠിപ്പിക്കാൻ ഒരുങ്ങുന്ന അധ്യാപകർക്കുമുള്ള പുസ്തകം പരിചയപ്പെടുത്തൽ ബി.ടി.സി. യുടെ രണ്ടാംദിനമായ ജൂൺ 14 ശനി 10.30am to 4.00pm വരെയായിരിക്കും. അവർ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ക്ലാസ്സിലേക്കുള്ള പാഠപുസ്തകം കൊണ്ടുവരേണ്ടതാണ്. ക്ലാസ്സുമാറി പഠിപ്പിക്കുന്ന അധ്യാപകർ അവരുടെ പേരും പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ക്ലാസ്സും ജൂൺ 9 ന് മുൻപ് വിശ്വാസപരിശീലനവേദിയിൽ





അറിയിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിലായിരിക്കും പുസ്തകം പരിചയപ്പെടുത്തൽ നടത്തുക.(മൂന്നു വർഷത്തിൽ കൂടുതൽ ഒരു ക്ലാസിൽ തന്നെ പഠിപ്പിക്കുന്ന അധ്യാപകർ മറ്റു ക്ലാസ്സുകളിലേക്ക് മാറുന്നത് ഉചിതമായിരിക്കും).

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അധ്യായനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴിക്കാട്ടികളായി മാറാം.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 12 | ശനി | 9.30 am to4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 26 | ശനി | 9.30 am to4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 28 | തിങ്കൾ | 9.30 am to4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 13 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 15 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 8 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോ

ഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂൺ 8 | ഞായർ | 9.30am to 4.00pm | മേലാർക്കോട്ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ജൂൺ 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂൺ 29 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 13 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 20 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 10 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 17 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 24 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 31 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 14 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 21 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**VIII & IX ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ -2014**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള





തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ. രജിസ്ട്രേഷൻ ഫീസ് 25 രൂപ

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂലായ് 6 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഓഗസ്റ്റ് 3 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 19 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 2 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.9 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.23 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകങ്ങളും മറ്റും വാങ്ങിയവർ **ജൂൺ 30നുള്ളിൽ കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു.** ജൂൺ 30 ന് മുമ്പ് പൈസ അടക്കുന്നവർക്കുമാത്രമേ കൺസെഷൻ ലഭിക്കുകയുള്ളൂ. കുട്ടികൾക്കുള്ള ബാഗ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. മെയ് 24ന് പുസ്തകം വാങ്ങാത്തവർ ജൂൺ 7, 14 എന്നീ തീയതികളിൽ തന്നെ പാസ്റ്ററൽ സെന്ററിൽനിന്ന് വാങ്ങേണ്ടതാണ്. സാൻജോ ബുക്ക് സ്റ്റാൾ ഫോൺ : 9946798598

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ്

ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 15 ചൊവ്വയാണ്.

**ലോഗോസ് ക്വിസ് 2014**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതാദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ച് ജൂലായ് 30ന് അവസാനിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

വിശ്വാസപരിശീലന വേദിയുടെ മതബോധന സെക്രട്ടറിയായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച് സ്ഥലം മാറിപ്പോകുന്ന സി. സെറിൻ സി.എം.സി.ക്ക് ഹൃദ്യമായ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു. പുതിയതായി ചാർജ്ജെടുത്ത സി.വിനയ സി.എം.സി.ക്ക് ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു.

**ഇന്റർനെറ്റ് കാറ്റികിസം**

വിശ്വാസപരിശീലനത്തിന് നൂതന മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കി നാം ആരംഭിച്ചിരിക്കുന്ന വെബ്സൈറ്റ് (www.catechismpalghat.org) ഉപയോഗപ്രദമാക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഇതിന്റെ കാര്യക്ഷമമായ ഉപയോഗത്തിനായി അധ്യാപകരിൽ ഒരാളെയോ, അല്ലെങ്കിൽ കമ്പ്യൂട്ടറിൽ പ്രാവീണ്യമുള്ള ഒരാളെയോ കമ്പ്യൂട്ടർ ഇൻചാർജായി നിയമിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശ്വാസപരിശീലനത്തിന് ആവശ്യമായ സാമഗ്രികൾ ഡൗൺലോഡ് ചെയ്യൽ, സംശയനിവാരണം ഇവ ഇതിലൂടെ സാധ്യമാകുന്നു. 1 മുതൽ 12 വരെയുള്ള സൺഡേ കാറ്റികിസം ക്ലാസ്സിൽ എടുക്കുന്ന പാഠഭാഗത്തിന്റെ പവർപോയിന്റ് പ്രസന്റേഷൻ വിശ്വാസപരിശീലനവേദിയിൽനിന്ന് ലഭ്യമാണ്. ഫോൺ : 0491 2510257

**രൂപതാ മതബോധന കൗൺസിൽ**

മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അധ്യയനവർഷത്തെ പ്രവർത്തനപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. ഈ വർഷത്തെ മതബോധനവിഷയമായി **"ശിശുക്കൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ അവരെ തടയരുത്"** (ലൂക്ക 18:16) എന്നത് തീരുമാനിച്ചു. സെമിനാറുകളെക്കുറിച്ചുള്ള ചർച്ചകളുമുണ്ടായിരുന്നു.





കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ അംഗങ്ങൾക്കും നന്ദി.

**മതബോധന സംയുക്ത സമ്മേളനം 2014**

ഈ വർഷത്തിലെ മതബോധന സംയുക്തസമ്മേളനവും പ്രവർത്തനവർഷ ഉദ്ഘാടനവും 2014 മെയ് 24-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ 2014-15 അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം, 2013-14 അദ്ധ്യയനവർഷത്തിലെ റിപ്പോർട്ടവതരണം, 10,12 ക്ലാസുകളിലെ റാങ്കുജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ-റഗുലർ സ്കൂൾ സ്കോളർഷിപ്പ് വിജയികൾക്കുള്ള സമ്മാനദാനം, സാഹിത്യ മൽസരങ്ങളിലെ രൂപതാതല വിജയികൾക്കും മെഗാക്വിസ് ക്യാഷ് അവാർഡ് ജേതാക്കൾക്കുള്ള സമ്മാനദാനം, **അടുത്ത വർഷത്തിലേക്കുള്ള കലണ്ടർ, സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകൾ, തിരുബാലസഖ്യം-അൾത്താരസഖ്യം ഫോം, ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാകളക്ഷൻ ഫോം, ടീച്ചേഴ്സ് അവാർഡ് ഫോം, എസ്.എം.സി.സി ഇടവകതല ഫോം, സ്റ്റാർസ് രജിസ്ട്രേഷൻ ഫോം, കാററിക്കിസം പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തു.** കൂടാതെ പ്രസ്തുത സമ്മേളനത്തിൽ 2014-15 വർഷത്തിലെ കാറ്റിക്കിസം കലണ്ടർ പ്രകാശനം ചെയ്തു.

**എവർ റോളിംഗ് ട്രോഫി ജേതാക്കൾ**

**സൺഡേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷ:** ഫാത്തിമമാതാ ചർച്ച്, അഗളി
**സൺഡേസ്കൂൾ സാഹിത്യമൽസരങ്ങൾ :** ലൂർദ്ദ്മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി

## റെഗുലർ സ്കൂൾ വിശ്വാസപരിശീലന ധാർമ്മിക പഠന വാർത്തകൾ

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂൺ 21 | ശനി | 10 am to 4 pm | താവളം മേഖല (സെന്റ് പീറ്റേഴ്സ്സ്കൂൾ, കൂക്കംപാളയം) |
| ജൂൺ 28 | ശനി | 10am to 4pm | പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ) |
| ജൂലായ് 5 | ശനി | 10am to 4pm | വടക്കഞ്ചേരി മേഖല (ചെറുപുഷ്പം സ്കൂൾ) |

ജൂലൈ 19 ശനി 10am to 4pm മണ്ണാർക്കാട് മേഖല
(ഫൊറോന പാരിഷ്ഹാൾ)

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2014-2015 അദ്ധ്യയന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും ജൂൺ 28ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാന അദ്ധ്യാപകരുടെയും മീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച 2.00pm to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യയനവർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

**സ്റ്റാർസ് ഇന്റൻസീവ് കോഴ്സ്**

സ്റ്റാർസിന്റെ രണ്ടാം ബാച്ചിനു വേണ്ടിയുള്ള ഇന്റൻസീവ് കോഴ്സ് മെയ് 5 മുതൽ 10 വരെ നടന്നു.

**സ്റ്റാർസ് 3-ാം ബാച്ച്**

മെയ് 16 ന് സ്റ്റാർസിന്റെ 3-ാം ബാച്ചിനെ അഭിവന്ദ്യപിതാവ് ഔദ്യോഗികമായി സ്റ്റാർസിലേക്ക് സ്വീകരിച്ചു.

**പ്രതിമാസ മുഖാഭിമുഖ പരിശീലന പരിപാടി**

എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ജൂലൈ മുതലായിരിക്കും ആരംഭിക്കുക. പാസ്റ്ററൽ സെന്ററിൽ വച്ചാണ് പ്രസ്തുത പരിശീലനപരിപാടി നടത്തുന്നത്.

**2014-2015 ബാച്ചിലേക്ക് അപേക്ഷിക്കേണ്ടവിധം**

പുതിയവർഷത്തിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു.





സ്റ്റാർസിൽ അഡ്മിഷൻ ലഭിക്കാൻ അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട ഫോറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കാൻ. ആറാം ക്ലാസ്സിൽ 10 ൽ താഴെ കുട്ടികളാണെങ്കിൽ 2 പേരും (1 ആൺ, 1 പെൺ) അതിൽ കൂടുതലാണെങ്കിൽ 4 പേരും (2 ആൺ, 2 പെൺ) ആണ് അപേക്ഷിക്കേണ്ടത്. സ്കൂളിൽ 6-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണമാണ് ഇതിനായി പരിഗണിക്കേണ്ടത്. വിശ്വാസപരിശീലനത്തിലും സ്കൂൾ പഠനത്തിലും മികവു തെളിയിക്കുന്ന കുട്ടികളെയാണ് അപേക്ഷയ്ക്ക് പരിഗണിക്കേണ്ടത്. അപേക്ഷിക്കാൻ യോഗ്യരായ ഏറ്റവും പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തേണ്ടതും അപേക്ഷിക്കേണ്ടതും ബഹു. വികാരിയുടെ അറിവിലും ഉത്തരവാദിത്വത്തിലുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2014.

**ലോഗോസ് ക്വിസ് 2014 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2003 ന് ശേഷം ജനിച്ചവർ
B. വിഭാഗം-01-01-1998 നും 31.12.2002 നും ഇടക്ക് ജനിച്ചവർ
C. വിഭാഗം-01-01-1983 നും 31.12.1997 നും ഇടക്ക് ജനിച്ചവർ
D. വിഭാഗം-01-01-1963 നും 31.12.1982 നും ഇടയ്ക്ക് ജനിച്ചവർ.
E. വിഭാഗം-01-01-1950 നും 31-12-1962 നും ഇടയ്ക്ക് ജനിച്ചവർ.
F. വിഭാഗം-31-12-1949 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ www.catechismpalghat.org എന്ന രൂപതാമതബോധന വെബ്സൈറ്റിലെ ലോഗോസ് ക്വിസ് പോർട്ടൽ കാണുക. അല്ലെങ്കിൽ www.logosquiz.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. തുടർന്ന് പാലക്കാട് തിരഞ്ഞെടുത്ത് **സെന്റർ ലോഗിൽ** ക്ലിക്ക് ചെയ്ത് രൂപതയിൽ നിന്നും നൽകിയിട്ടുള്ള User Name & Password ഉപയോഗിച്ച് അതാത് പള്ളികളുടെ പേജിലെത്താവുന്നതാണ്. അവിടെ നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരമായിരിക്കണം പേര് രജിസ്റ്റർ ചെയ്യേണ്ടത്. ആഗസ്റ്റ് 1 ന് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2014 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2014 ജൂലായ് 31 നും ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. ലേവ്യർ 15-27
2. വി. ലൂക്കോസ് 13-24
3. യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2014 സെപ്റ്റംബർ 28-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയിൽ സെന്റർ ഇൻചാർജ്ജസ് ഒക്ടോബർ 20 ന് മുൻപ് രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29, 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

വിശുദ്ധനാട് തീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ





ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)
1-ാം സമ്മാനം 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
2-ാം സമ്മാനം 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
4-ാം സമ്മാനം 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം 500 രൂപ
ബാക്കി എല്ലാവർക്കും (576-60=516) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഓരോ വിഭാഗത്തിനും പ്രത്യേകം)
1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.
5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 28-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്കും 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും സമ്മാനം നൽകുന്നതാണ്. അതിനാൽ 5 മുതൽ 12 എച്ച്.ഡി.സി. പേര് രജിസ്റ്റർ ചെയ്യുമ്പോൾ ക്ലാസ്സുകൂടി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്.

**ഇടവകതലത്തിൽ**

ഓരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ

* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ

* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ

* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**ഇപ്രാവശ്യം ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.**

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്




**പ്രവർത്തന വർഷാരംഭം:**

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ 1-ാം തിയ്യതി മുതൽ ആരംഭിക്കുന്നു. ഈ മാസം തന്നെ രജിസ്ട്രേഷൻ നടത്തി, പുതുതായിച്ചേരുന്ന ഓരോ കുട്ടിയ്ക്കും 5 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി ഫോം രൂപത മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പുതിയ അധ്യയന വർഷം 2014-2015**

പുതിയ അധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകളും നന്മകളും നേരുന്നു. ഉണ്ണിശോയുടെ കൈപിടിച്ച് സ്കൂളിലേയ്ക്ക് പോകുവാൻ എല്ലാ കുഞ്ഞുങ്ങളും ശ്രദ്ധിക്കണേ. പുതിയ വർഷത്തിൽ പ്രാർത്ഥനയോടുകൂടി കുഞ്ഞുങ്ങളെ സ്കൂളിലേയ്ക്ക് പറഞ്ഞയക്കുവാൻ എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.





2014-15 പ്രവർത്തനവർഷത്തിലെ തിരുബാലസംഖ്യ പ്രവർത്തന പരിപാടികൾ യൂണിറ്റിൽ ആനിമേറ്റേഴ്സ് തയ്യാറാക്കുകയും അതനുസരിച്ച് ഓരോ മാസത്തെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു സുകൃത ജപമെങ്കിലും കുട്ടികളെ പഠിപ്പിക്കുകയും പ്രാർത്ഥനാസമ്മേളനങ്ങൾ മുടങ്ങാതെ നടത്താനും ശ്രദ്ധിക്കുമല്ലോ.

**സ്വാഗതം**

തിരുബാലസഖ്യ സംഘടനയിൽ പുതിയതായി അംഗങ്ങളാകുന്ന എല്ലാ കുഞ്ഞുങ്ങളെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ഈ കുഞ്ഞുങ്ങളെ ഇടവകാതലത്തിലും സംഘടനയിലേക്ക് ആഘോഷമായി സ്വാഗതം ചെയ്യേണ്ടതാണ്.

**തിരുബാലസഖ്യ സെമിനാറുകൾ**

| സ്ഥലം | | | ദിവസം സമയം |
|---|---|---|---|
| ജൂൺ 7 | ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ജലൈ 5 | ശനി | 9.30am to4.00 pm | മേലാർക്കോട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 2 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 16 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 23 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## അൾത്താരസംഘം

Blogspot: abapalghat.blogspot.in

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതലാണ് ആരംഭിക്കുന്നത്. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ? യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ ബഹു. വികാരിയച്ചൻമ്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30ന് ആയിരിക്കും.

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. ഈ വർഷം ബഹു. റെനിയച്ചന്റെ നേതൃത്വത്തിലുള്ള ടീമായിരിക്കും സെമിനാറുകൾക്ക് നേതൃത്വം നൽകുക. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ജൂൺ 7 | ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ജുലൈ 5 | ശനി | 9.30am to4.00 pm | മേലാർക്കോട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 2 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 16 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| ആഗസ്റ്റ് 23 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

പ്രിയ കുഞ്ഞുമിഷനറിമാരേ,

പുതിയ അദ്ധ്യായന വർഷം ആരംഭിക്കുകയാണല്ലോ. എല്ലാ കുഞ്ഞുമിഷനറിമാർക്കും പ്രാർത്ഥനാശംസകൾ നേരുന്നു. ഈ വർഷം വിദ്യാരംഭം കുറിക്കുന്ന കുരുന്നുകൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതും നമ്മുടെ കടമയാണ്. സ്കൂൾ തുറക്കുന്നതോടെ നമ്മുടെ പ്രവർത്തന മേഖലയും കൂടുതൽ വിശാലമാക്കപ്പെടുകയാണ്. സ്നേഹത്തിലും ത്യാഗത്തിലും സഹനത്തിലും അടിയുറച്ച മനസോടെ മറ്റുള്ളവർക്ക് സേവനം ചെയ്യാൻ നമുക്കു പരിശ്രമിക്കാം... മറ്റു പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു. പ്രവർത്തന മികവോടെ കാര്യങ്ങൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കുമല്ലോ

**രൂപത ഇലക്ഷൻ**

രൂപതാ നേതൃത്വത്തിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി ജൂൺ 7-ാം തിയ്യതി രണ്ടാം ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ മാനേജിംഗ് കമ്മിറ്റി ചേരുന്നു.

എല്ലാ മേഖലാ ഭാരവാഹികളും ആനിമേറ്റേഴ്സ് ഡയറക്ടേഴ്സ് എന്നിവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാത്ത ശാഖകളിൽ ഈ മാസം തന്നെ ഇലക്ഷൻ നടത്തി പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്ത് ഭാരവാഹികളുടെ ലിസ്റ്റ് ഫോൺ/ Mob നമ്പർ സഹിതം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ശാഖാ സന്ദർശനം**

ഈ മാസം മുതൽ രൂപതാ സമിതി ഓരോ ശാഖയിലേക്കും സന്ദർശനത്തിനായി എത്തുന്നു. ഓരോ ശാഖയിലും അംഗത്വരജിസ്റ്റർ, റിപ്പോർട്ട്, കണക്ക് എന്നിവ തയ്യാറാക്കി വെക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ രൂപതാ ഡയറക്ടറുമായി ബന്ധപ്പെടുക.

**അനുബന്ധ പ്രവർത്തനങ്ങൾ**

**പ്രാർത്ഥനാനിയോഗം** : വിദ്യാരംഭം കുറിക്കുന്ന കുഞ്ഞുമിഷനറിമാർക്കുവേണ്ടിയും അധ്യാപകർക്കുവേണ്ടിയും പ്രാർത്ഥിക്കുക.

**സുകൃതജപം** : ഈശോയുടെ തിരുഹൃദയമേ ഞങ്ങളെ അനുഗ്രഹിക്കണമേ.

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**അഫിലിയേഷൻ**

കെ. സി.വൈ.എം. ന്റെ 2014 പ്രവർത്തന വർഷത്തിലേയ്ക്കുള്ള അഫിലിയേഷൻ നടപടികൾ ജൂൺ 15-ാം തിയ്യതിയോടെ അവസാനിക്കും. എല്ലാ യൂണിറ്റുകളും ഫൊറോനകളും തങ്ങളുടെ അഫിലിയേഷൻ നടപടികൾ പൂർത്തിയായെന്ന് ഉറപ്പാക്കുക. കൂടുതൽ വിവരങ്ങൾ മുൻ മാസത്തെ രൂപതാ ബുള്ളറ്റിൻ, Circular -02/2014 എന്നിവയിൽ നൽകിയിട്ടുണ്ട്.

**അഗാധ**

കെ. സി. വൈ. എം. പാലക്കാട് രൂപത സമിതി യുവജനങ്ങൾക്കായി നടത്തുന്ന മെഗാ ക്വിസ് മത്സരം **"അഗാധ"** ജൂൺ 28-ാം തിയ്യതി (മുൻപറിയിച്ചിരുന്നത് ജൂൺ 29 എന്നാണ്) രാവിലെ 9.00 മണിമുതൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നത്. ക്വിസ് മത്സരം Audio -Visual ആയിരിക്കും.





**പഠന ഭാഗങ്ങൾ** : കെ,സി.വൈ.എം. നിയമാവലി
: Youcat
സ്നേഹവീട്, (കെ.സി.വൈ. എം കർമ്മപദ്ധതി)
: കെ.സി.വൈ.എം പൊതു വിവരങ്ങൾ

Reg Fee. ഒരു ടീമിന് 250/- രൂപ + ഒരു യൂണിറ്റിൽ നിന്ന് എത്ര ടീമുകൾക്കും വേണമെങ്കിലും പങ്കെടുക്കാം

1- ാം സമ്മാനം : 5000/-രൂപ
2-ാം സമ്മാനം : 3000/-രൂപ
3-ാം സമ്മാനം : 1001/-രൂപ

രജിസ്ട്രേഷനുള്ള അവസാന ദിവസം ജൂൺ 15 ആണ്. ഫൊറോന പ്രസിഡന്റുമാർ മുഖേന രഡിസ്ട്രേഷൻ നടത്തുക.

**പിന്നിട്ട വഴികൾ....**

**ഉണർവ്വ് -2014, മണ്ണാർക്കാട് സോൺ**

കെ.സി.വൈ.എം. പാലക്കാട് രൂപതാ സമിതിയുടെ ലീഡേഴ്സ് ട്രൈനിംഗ് പ്രോഗ്രമായ "ഉണർവ്വ് 2014 " മണ്ണാക്കാട് സോണിൽ മെയ് 1-ാം തിയ്യതി മണ്ണാർക്കാട് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നംകോട്, താവളം ഫൊറോനകളിൽ നിന്നുമായി 80-ഓളം യുവജന നേതാക്കൾ പങ്കെടുത്തു. മണ്ണാർക്കാട് ഫൊറോന വികാരി റവ. ഫാ. ജോർജ്ജ് എടത്തല ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. മണ്ണാർക്കാട് ഫൊറോന ഡയറക്ടർ ഫാ. ഷിജോ മാവറ ആമുഖ പ്രഭാഷണം നടത്തി. കാഞ്ഞിരപ്പുഴ ഫൊറോന വൈസ്. പ്രസിഡന്റ കുമാരി നിമ്മി സിറിയക്, പൊന്നംകോട് ഫൊറോന പ്രസിഡന്റ് ശ്രീ. ഗ്ലോഡിൻ ജോസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപത ജന. സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ സ്വാഗതവും കൺവീനർ ശ്രീ. സജിൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. സംഗീത് മാർട്ടിൻ രൂപതാ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര, അസി. ഡയറക്ടർ ഫാ. സിജോ കാരിക്കാട്ടിൽ എന്നിവർ ക്ലാസ്സുകളെടുത്തു.

**ഉപവാസ ധർണ്ണ**

കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക എന്ന ആവശ്യവുമായി കെ. സി.വൈ.എം പാലക്കാട് രൂപതാ സമിതി പാലക്കാട് KSRTC ബസ്സ് സ്റ്റാന്റിനു മുൻവശം ഏകദിന ഉപവാസ ധർണ്ണ നടത്തി. രൂപതാ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര ധർണ്ണ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന ജന. സെക്രട്ടറി ശ്രീ. സന്തോഷ് അറയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. രൂപതാ ജന. സെക്രട്ടറി ശ്രീ. എബിൻ കണിവയിലിൽ, സംസ്ഥാന സിൻഡിക്കേ

റ്റംഗം ശ്രീ. സംഗീത് മാർട്ടിൻ, വൈസ്. പ്രസിഡന്റ് ശ്രീ. ജാക്ക് ഫ്രാൻസിസ്, ട്രഷറർ ശ്രീ. ജൂവിൻ ജോസ്, പൊന്നംകോട് ഫൊറോന പ്രസിഡന്റ് ശ്രീ. ഗ്ലോഡിൻ ജോസ് എന്നിവർ പ്രസംഗിച്ചു. ധർണ്ണയിൽ 30-ഓളം പേർ പങ്കെടുത്തു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## സി. എൽ. സി

**രൂപതാതല ഇലക്ഷൻ 2014**

2014-16 വർഷത്തേക്കുള്ള സി.എൽ.സി രൂപതാതല ഇലക്ഷൻ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് ജൂൺ 14- രണ്ടാം ശനിയാഴ്ച്ച നടത്തപ്പെടുന്നു. ഇലക്ഷനിൽ പങ്കെടുക്കേണ്ടതിന് ഓരോ ഇടവകയിൽ നിന്നും ഒരു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള ഭാരവാഹികൾ ജൂൺ 14ന് രാവിലെ 9.30ന് രൂപതാ കേന്ദ്രത്തിൽ എത്തിചേരണമെന്ന് ഓർമ്മപ്പെടുത്തുന്നു.

എല്ലാ യൂണിറ്റുകളിലെയും ആനിമേറ്റർമാരും 5 ഭാരവാഹികളും നിർബന്ധമായും ഇലക്ഷനിൽ പങ്കെടുക്കേണ്ടതാണ്.

**രൂപത ഇലക്ഷൻ നടക്കുന്ന സ്ഥാനങ്ങൾ**

മോഡറ്റേറർ ( ആനിമേറ്റർ), കോർഡിനേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, എക്സിക്യൂട്ടീവ് മെമ്പർമാർ ( 4- പേർ), മേഖല ഓർഗനൈസർമാർ (5-പേർ), മേഖല ആനിമേറ്റർമാർ ( 5- പേർ)

* ഇലക്ഷനു മുൻപായി എല്ലാ ഭാരവാഹികൾക്കും നേതൃത്വ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

* രാവിലെ മുതൽ വൈകീട്ട് 4 വരെയാണ് കാര്യപരിപാടി എന്നും ഓർമ്മപ്പെടുത്തുന്നു.

* ഇലക്ഷനുവരുന്നവർ ഇടവക വികാരിയിൽ നിന്നും സമ്മതപത്രം വാങ്ങി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

**യൂണിറ്റുതല ഇലക്ഷൻ 2014 -15**

2014-15 വർഷത്തേക്കുള്ള സി.എൽ.സി ഇടവകതല ഇലക്ഷൻ





അതാത് യൂണിറ്റുകളിൽ നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഇലക്ഷൻ നടത്തി ജൂലൈ 12 ശനിയാഴ്ചക്കു മുൻപായി രജിസ്ട്രേഷൻ ഫോം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്

**യൂണിറ്റ് ഇലക്ഷൻ നടക്കുന്ന സ്ഥാനങ്ങൾ**

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, നാല് എക്സിക്യൂട്ടീവ് അംഗങ്ങൾ (രണ്ടു വനിതകളും രണ്ടു പുരുഷൻമാരും)

* 2014 -15 വർഷത്തേക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ് എല്ലാ യൂണിറ്റുകളും ജൂലൈ 12ന് മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കണം.

**സംശയങ്ങൾക്ക് ബന്ധപ്പെടുക** : ഡെന്നീസ് സി.കെ - Ph : 8281012918 : ലൈജോ തോമസ് - Ph : 9846384804

**ഫാ. തോം കിഴക്കേടത്ത്**

സി.എൽ.സി ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ജൂൺ** മാസത്തിലെ പ്രീകാന കോഴ്സ് **2,3,4,5** തിയ്യതികളിലും **ജൂലൈ** മാസത്തിലെ പ്രീകാന കോഴ്സ് **7,8,9,10** തീയതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂൺ | 1-6 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂൺ | 8-13 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ | 15-20 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ | 22-27 | പ്രീസ്റ്റ് പവർ കോൺഫറൻസ് |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂൺ 29 ജൂലൈ 4 | | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710.

**സെഹിയോൻ കൺവെൻഷൻ**

ജൂൺ 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും





ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

4.6.14 നു ബുധനാഴ്ച 11 മണിക്ക് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് P.S.S.P യിൽ നടക്കുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.6.14 | തിങ്കൾ | പാലക്കാട്/മലമ്പുഴ | PSSP | 10am |
| 11.6.14 | ബുധൻ | മണ്ണാർക്കാട് | പിച്ചളമുണ്ടസമാജം | 10am |
| 12.6.14 | വ്യാഴം | ശ്രീകൃഷ്ണപുരം | ചെട്ടിയങ്ങാടി | 10am |
| 13.6.14 | വെള്ളി | കുഴൽമന്ദം | മാത്തൂർ | 10am |
| 16.6.14 | തിങ്കൾ | അട്ടപ്പാടി റീജിയണൽ | | |
| | | ഓഫീസ് | ഗൂളിക്കടവ് | 10am |
| 18.6.14 | ബുധൻ | നെന്മാറ | പാരിഷ് ഹാൾ | 10am |
| 25.6.14 | ബുധൻ | ആലത്തൂർ | F.C.C.വടക്കുഞ്ചേരി | 10am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 16.6.14 | തിങ്കൾ | റീജിയണൽ ഓഫീസ് | |
| | | ഗൂളിക്കടവ് | 11.00am to 2.00 Pm |
| 17.6.14 | ചൊവ്വ | സാൻഞ്ചോ ടവ്വർ | |
| | | പാലക്കാട് | 11.00am to 2.00 Pm |
| 18.6.14 | ബുധൻ | നെന്മാറപാരിഷ് ഹാൾ | 11.00am to 2.00 Pm |
| 19.6.14 | വ്യാഴം | കരിമ്പപാരിഷ്ഹാൾ | 11.00am to 2.00 Pm |
| 23.6.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 11.00am to 2.00 Pm |
| 25.6.14 | ബുധൻ | F.C.C.വടക്കുഞ്ചേരി | 11.00am to 2.00 Pm |

**നബാർഡ് WSHG**

നബാർഡ് പാലക്കാട് ജില്ലയിൽ PSSP വഴി നടപ്പിലാക്കുന്ന കേന്ദ്രപദ്ധതി യായ"നബാഡ് വനിതാ സ്വയം സഹായ സംഘങ്ങൾ" ജില്ലയിൽ രൂപീക രിച്ച് പ്രവർത്തനം നടത്തിവരുന്നു. കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളുടെ അയൽകൂട്ടങ്ങൾ രൂപീകരിച്ച് ഇവർക്ക് സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുകയും ബാങ്കുമായി ബന്ധപ്പെടുത്തി കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുകയും ചെയ്യുന്നതാണ് പദ്ധതി. തുട ങ്ങുവാൻ താല്പര്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

**സോപ്പും, സോപ്പുല്പന്നങ്ങളുടേയും നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പന്നങ്ങൾ (10തരം ഉല്പ ന്നങ്ങൾ) എന്നിവയുടെ നിർമ്മാണവും വിപണനവും പരിശീലനവും PSSP നൽകി വരുന്നു. രണ്ടു ദിവസം നീണ്ടു നിൽക്കുന്നതാണ് പരിശീലനം. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**ജൂൺ മാസത്തെ പരിശീലനങ്ങൾ**

1. മാത്തൂർ പാൽസൊസൈറ്റി
2. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ഇരുമ്പകച്ചോല





**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയു മായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരട ങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവ രങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മൈനോരിറ്റി ഗ്രൂപ്പുകൾ**

പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ വായ്പാ സഹായങ്ങൾ പി.എസ്.എസ്. പി. വഴി ലഭ്യമാക്കുവാൻ വേണ്ടി ഇവരുടെ ഗ്രൂപ്പുകൾ പി. എസ്.എസ്.പി യുടെ സഹായത്തോടെ ആരംഭിക്കുന്നു. (ക്രിസ്ത്യൻ, മുസ്ലീം, ഒ.ബി.സി) ആരംഭിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീ സുമായി ബന്ധപ്പെടുക.

**ഇരുമ്പകച്ചോല മാതൃകയാകുന്നു..**

ഇരുമ്പകച്ചോല പള്ളിപ്പരിസരം 250 ൽ പരം സാധുകുടുംബങ്ങൾക്ക് തൊഴിൽ പരിശീലനത്തിനും ഉപജീവനമാർഗ്ഗവികസനത്തിനും നാന്ദിയായി. വികാരിയച്ചന്റെ ധീരമായ നേതൃത്വത്തിൻ കീഴിൽ ഇടവകാതിർത്തിയിലെ നാനാജാതിമതസ്ഥർ പി.എസ്.എസ്.പി.യുടെ ആഭിമുഖ്യത്തിലുള്ള വൈവിധ്യമാർന്ന പരിശീലന പരിപാടികളിൽ ആവശ്യാനുസരണം പങ്കെടുത്തു. പ്രധാനപരിശീലനപരിപാടികളായ മുതിർന്ന രോഗികളെ പരിചരിക്കുന്ന ജീറിയാട്രിക് നഴ്സിംഗ് കെയർ (പാലിയേറ്റീവ് കെയർ), കംപ്യൂട്ടർ ബേസിക്സ്, ടൈലറിംഗ്, ഡ്രസ്സ് മെക്കിംഗ്, ഡ്രൈവിംഗ്, മെഷീൻ ഉപയോഗിച്ചുള്ള തെങ്ങുകയറ്റം, ഇലക്ട്രീഷ്യൻ എന്നിവയാണ പരിശീലിപ്പിച്ചത്. ഇപ്പോൾതന്നെ 60% പഠിതാക്കളും ഏതെങ്കിലുമൊരു തൊഴിൽ ചെയ്ത് വരുമാന വർദ്ധനവ് നേടുന്നു. 11.05.2014 ന് ഞായറാഴ്ച അഭി. മാർ ജേക്കബ് മനത്തോടത്ത് പിതാവ് പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഇരുമ്പകച്ചോല മാതൃക നമ്മുടെ ഗ്രാമീണ വികസനത്തിന് ഉത്തമ ദൃഷ്ടാന്തമാണ്.

**KCUM / CML ഫണ്ട് ശേഖരിക്കാൻ സുവർണ്ണാവസരം!**

പി.എസ്.എസ്.പി. നടത്തി വരുന്ന 'ജാക്ക്ഫ്രൂട്ട് മിഷൻ' ന്റെ ഭാഗമായി

നിങ്ങളുടെ പുരയിടങ്ങളിൽ പാഴായി പോകുന്ന ചക്ക ശേഖരിച്ച് ജില്ലയിൽ നാലിടങ്ങളിലായി പ്രവർത്തിച്ചു വരുന്ന ചക്ക സംസ്ക്കരണ ശാലയ്ക്ക് ഉയർന്ന വിലയ്ക്ക് വില്ക്കൂ . ഇതിലൂടെ നിങ്ങളുടെ സംഘടനയ്ക്കൊരു ഫണ്ട്, പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കൊരു കൈതാങ്ങ്, നല്ല ഭക്ഷണത്തിന്റെ സംരക്ഷണം, സംസ്ക്കരണശാലയിലെ 60 ൽ പരം കുടുംബങ്ങൾക്കൊരു തൊഴിൽ, ഒരു ഗ്രാമീണ മുന്നേറ്റത്തിന്റെ വിജയ ഗാഥ എന്നിവയിൽ പങ്കാളിയാകൂ. ഇപ്പോൾ തന്നെ ബന്ധപ്പെടുക: പി.എസ്.എസ്.പി. : 9447020395, 9400299234, 9447180679.

**തെങ്ങിൻ ചങ്ങാതിക്കൂട്ടം**

നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ സഹായ സംഘടനയായ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാട് ഇതിനോടകം പാലക്കാട് മലപ്പുറം ജില്ലകളിലായി 20 പേരടങ്ങുന്ന 69 ബാച്ചുകളിലായി 1380 പേർക്ക് യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം നൽകി കഴിഞ്ഞു. ഇതിൽ 1000 പേർ പുരുഷന്മാരും 380 പേർ സ്ത്രീകളുമാണ്.

മൂന്ന് മാസത്തിലൊരിക്കൽ റിവ്യൂ മീറ്റിംഗുകൾ നടത്തി വരുന്നു. 27.05.2014 ൽ നടത്തിയ റിവ്യൂ മീറ്റിംഗിൽ 130 പേർ പങ്കെടുക്കുകയും അവരുടെ മെഷീൻ ഉപയോഗിച്ചുള്ള തെങ്ങുകയറ്റത്തെക്കുറിച്ചുള്ള ഒരു അവലോകനം നടത്തുകയും ചെയ്തു. ഓരോരുത്തരുടെയും ജ്മഹൗമശേീ ഞലുീൃ നാളികേര വികസന ബോർഡിനു സമർപ്പിച്ചു. താത്പര്യമുള്ളവരെ ക്ഷേമനിധി, മെഡിക്ലെയിം ഇൻഷൂറൻസ് എന്നിവയിൽ ചേർത്തു. ഇതുവരെ 235 പേരെ ക്ഷേമനിധിയിൽ ചേർത്തു. തുടർന്നുള്ള എീഇാ ട്രെയിനിംഗ് അതാതു പ്രദേശങ്ങളിലെ ഇ.ജ.ട. മായി സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു.

താത്പര്യമുള്ളവർ ബന്ധപ്പെടുക : 9446791818, 9446410892

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

ഫാമിലി ആക്ഷൻ ടീം (FAT) & സെന്റർ ലെവൽ മീറ്റിംഗുകൾ നടത്തി

മെയ് മാസത്തിൽ സേവ് എ ഫാമിലിയുടെ ആലത്തൂർ, അട്ടപ്പാടി, ഒറ്റപ്പാലം റീജിയണുകളിലെ വിവിധ സെന്ററുകളിലായി 9 FAT മീറ്റിംഗുകൾ നടത്തി. ആലത്തൂർ റീജിയണിൽ മെയ് 14 ന് തത്തമംഗലം, മെയ് 19 ന് കയറാടി; അട്ടപ്പാടി റീജിയണിൽ മെയ് 14 ന് വയലൂർ, മെയ് 26 ന് പുലിയറ, മെയ് 27 ന് താവളം; ഒറ്റപ്പാലം റീജിയണിൽ മെയ് 12 ന് പൊന്നങ്കോട്, മെയ് 13 ന് ഒറ്റപ്പാലം, മെയ് 17 ന് കേരളശ്ശേരി, മെയ് 28 ന് മുതുകുറിശ്ശി എന്നീ സെന്ററുകളിൽ നടത്തി. അതാതു സെന്ററുകളിലെ ഇടവക വികാരിമാരും,





ലോക്കൽ സ്പോൺസർമാരും, വാർഡ് മെമ്പർമാരും, അംഗൻവാടി ടീച്ചർമാരും, SHG ലീഡേർസും, SAFP റീജിയൺ ആനിമേറ്റർമാരും ഇതിൽ പങ്കെടുത്തു. മീറ്റിംഗുകളിൽ വിവിധ തലങ്ങളിൽ നിന്നുമായി സേവ് എ ഫാമിലി സഹായത്തിനു പുറമേ കുടുംബങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാം എന്ന് ചർച്ച ചെയ്ത് തീരുമാനിച്ചു. പ്രസ്തുത പരിപാടികൾ നടപ്പിലാക്കി വരുന്നു.

FAT മീറ്റിംഗുകളെതുടർന്ന് റീജിയണൽ ആനിമേറ്റർമാരുടെ നേതൃത്വത്തിൽ സെന്റർ ലെവൽ മീറ്റിംഗുകളും നടത്തി.

**ജൂൺ മാസം പ്ലാനിംഗ്**

ജൂൺ മാസത്തിൽ 3 റീജിയണുകളിലെയും FAT മീറ്റിംഗുകൾ നടത്താനുള്ള സെന്ററുകളിൽ FAT മീറ്റിംഗും തുടർന്ന് കുടുംബങ്ങളുടെ സെന്റർ മീറ്റിംഗും നടത്തുന്നതാണ്.

FAT & Centre Level Meeting - June 2014

| | | | |
|---|---|---|---|
| ആലത്തൂർ | 14.06.2014 | ചിറ്റടി | 10.00am |
| അട്ടപ്പാടി | 03.06.2014 | ജെല്ലിപ്പാറ | 10.00am |
| | 06.06.2014 | ത്രിത്വമല | 10.00am |
| | 12.06.2014 | കോട്ടത്തറ | 10.00am |
| ഒറ്റപ്പാലം | 13.06.2014 | കല്ലടിക്കോട് | 10.00am |
| | 16.06.2014 | ആലങ്ങാട് | 10.00am |
| | 24.06.2014 | ചുള്ളിയാംക്കുളം | 10.00am |

**Regional Programme Officer (R.P.O.) സന്ദർശനം**

ജൂൺ മാസം 12,13,14 തിയ്യതികളിൽ സേവ് എ ഫാമിലി ഇന്ത്യ ഓഫീസിൽ നിന്നും റീജിയൺ പ്രോഗ്രാം ഓഫീസർ പാലക്കാട് പീപ്പിൾസ് സർവ്വീസ് സൊസൈറ്റി Save A Family യുടെ അട്ടപ്പാടി, ഒറ്റപ്പാലം, ആലത്തൂർ എന്നീ മൂന്ന് റീജിയണുകളിൽ സന്ദർശനം നടത്തുന്നതാണ്. ജൂൺ 12-ാം തിയ്യതി അട്ടപ്പാടി റീജിയണിൽ കോട്ടത്തറ സെന്ററിലും ജൂൺ 13-ാം തിയ്യതി ഒറ്റപ്പാലം റീജിയണിൽ കല്ലടിക്കോട് സെന്ററിലും ജൂൺ 14-ാം തിയ്യതി ആലത്തൂർ റീജിയണിൽ ചിറ്റടി സെന്ററിലും വന്ന് ഫാമിലി ആക്ഷൻ ടീം (FAT) മീറ്റിംഗിലും സെന്റർ ലെവൽ മീറ്റിംഗിലും പങ്കെടുക്കുകയും തുടർന്ന് അതാതു സെന്ററുകളിലെ കുടുംബങ്ങളിൽ സന്ദർശനവും നടത്തുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കെ.എൽ.എം. പാലക്കാട്

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമനിധികളിലേക്കും, പെൻഷൻ പദ്ധതിയിലേക്കും, ആരോഗ്യ ഇൻഷൂറൻസിലേക്കും അംഗമാകുവാൻ അവസരം. കഴിഞ്ഞ വർഷം സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അർഹരായവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് KLM ഓഫീസിൽ നിന്ന് വിതരണം ചെയ്തു വരുന്നു. ഞായറാഴ്ചകളിൽ ഇടവകകളിൽ വന്ന് യൂണിറ്റ് രൂപീകരണവും പരിപാടികളെക്കുറിച്ചുള്ള ഓറിയന്റേഷനും, ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷനും നടന്നു വരുന്നു.

വിശദവിവരങ്ങൾക്ക് : 8281876395

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

KCBC യുടെ കീഴിൽ സ്ഥാപിതമായിരിക്കുന്ന അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസിന്റെ രൂപതാ ഘടകം നമ്മുടെ രൂപതയിൽ സ്ഥാപിതമായി. സംഘടനയുടെ ആദ്യ ഡയറക്ടറായി ഫാ. എബിൻ കുളമ്പിൽ നിയമിതനായി.

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ഓർഫനേജുകൾ, മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണ സ്ഥാപനങ്ങൾ, വ്യത്യസ്ഥ കഴിവുകളുള്ളവർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാതരം കെയർ ഹോമുകളും ഈ അസ്സോസിയേഷനിൽ ഉടൻ തന്നെ അംഗങ്ങളാകുമല്ലോ. ഇരുനൂറ് രൂപയാണ് അംഗത്വ ഫീസ്. ഈ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംഘടിതമായി നേരിടുന്നതിന് നമുക്ക് പരിശ്രമിക്കാം.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ.

Ph : 9400299234, 9747160982





# From the Bishop's Diary

**2014 ഏപ്രിൽ**

27 – വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വി. ജോൺ 23-ാമൻ മാർപാപ്പായുടെയും വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെയും നാമകരണശുശ്രൂഷയിൽ സംബന്ധിച്ചു.

**27– മെയ് 2** റോമിലെ സെന്റ് ജോൺ ദമഷീനോ കോളേജിൽ സന്ദർശനം നടത്തി

6 – പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കാർദ്ദിനാൾ ലെയ നാർദോ സാന്ദ്രിയെ സന്ദർശിച്ചു.

8 – രൂപതാകാര്യാലയത്തിൽ സേവനം ചെയ്യുന്ന ശ്രീ. ബാബുവിന്റെ അമ്മയുടെ മൃതദേഹ സംസ്കാരത്തിന്റെ വീട്ടിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

9 – രൂപതാകാര്യാലയത്തിൽ കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

10 – പൊൻകണ്ടം സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

– കടപ്പാറ സെന്റ് മേരീസ് ദൈവാലയ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി. തുടർന്നുനടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

11 – ഇരുമ്പകച്ചോല സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. ഇരുമ്പകച്ചോല ജംഗ്ഷനിൽ പുതുതായി നിർമ്മിച്ച കുരിശടി വെഞ്ചരിച്ചു. ഇടവകദിനാഘോഷസമ്മേളനം ഉദ്ഘാടനം ചെയ്തു.

12 – വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ചു.

13 – മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ ധ്യാനത്തിൽ സംബന്ധിച്ചിരുന്ന സിസ്റ്റേഴ്സിന് സന്ദേശം നൽകി.

- സമീപത്തുള്ള സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

14 - കുഴിക്കാട്ടുശ്ശേരിയിൽ ഹോളിഫാമിലി സന്യാസിനി സമൂഹത്തിന്റെ ശതാബ്ദിയാഘോഷദിനത്തിൽ 43 സന്യാസിനികളുടെ നിത്യവ്രത വാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

15 - പാസ്റ്ററൽ സെന്ററിൽ രൂപതയിലെ ഓർഫനേജുകളുടെയും കെയർ ഹോമുകളുടെയും പ്രതിനിധികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വിശ്വാസപരിശീലനത്തിനുള്ള സിനഡൽ കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാസംഗമത്തിന്റെ മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

16 - പാസ്റ്ററൽ സെന്ററിൽ സ്റ്റാർസി(STARS)ന്റെ മൂന്നാമത്തെ ബാച്ചിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ സ്വാഗതം ചെയ്യുന്നതിനുവേണ്ടി സംഘടിപ്പിച്ച സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

- ജയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലിയാഘോഷിക്കുന്ന 5 സിസ്റ്റേഴ്സിനെ സന്ദർശിച്ച് സന്ദേശം നൽകി.

17 - മേഴ്സികോളേജിൽ ജയ്ക്രിസ്റ്റോ പ്രൊവിൻസിലെ റവ. സിസ്റ്റേഴ്സ് റോസെറ്റ, അഗ്രേഷ്യ, മിത്രിയ, കൊറോളിറ്റ, വെറോണ എന്നിവരുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

18 - പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പി ച്ചു.

- ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ സംബന്ധി ക്കുന്ന അദ്ധ്യാപകർക്ക് സന്ദേശം നൽകി.

- വടക്കഞ്ചേരി ലൂർദ്ദ്മാതാ ദൈവാലയത്തിൽ ഇടവകദിനത്തോടനുബ ന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

19 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

20 - വചനഗിരി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പി ച്ചു.

21-22 രൂപതാകാര്യാലയത്തിൽ Young Priests' ongoing formation programme-ന് നേതൃത്വം കൊടുത്തു.

22 - പാലന ആശുപത്രി ഡയറക്ടർ ബഹു. ജൂലിയസ് അറയ്ക്കൽ അച്ചനും സുപ്പീരിയർ ബഹു. തോമസ് അച്ചാണ്ടിയച്ചനും നൽകിയ





യാത്രയയപ്പ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

23 - മലയാറ്റൂർ ദൈവദാൻ സെന്ററിൽ വെച്ച് സ്നേഹഗിരി സിസ്റ്റേഴ്സി ന്റെയും ദൈവദാൻ സിസ്റ്റേഴ്സിന്റെയും സ്ഥാപകനായ അബ്രഹാം കൈപ്പൻപ്ലാക്കൽ അച്ചന്റെ 21-ാം ചരമദിനത്തോടനുബന്ധിച്ചു വി. കുർബാനയർപ്പിച്ചു. തുടർന്ന് അദ്ദേഹത്തെ സംസ്ക്കരിച്ച ഉാലം പള്ളി സെമിത്തേരി സന്ദർശിച്ച് ഒപ്പീസ് ചൊല്ലി.

- കൊഴുവനാൽ പള്ളി സന്ദർശിച്ചു.

24 - പാസ്റ്ററൽ സെന്ററിൽ മതബോധന സംയുക്തസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- പോത്തുണ്ടി ഗുഡ്ഷെപ്പേർഡ് ദൈവാലയവും വൈദികമന്ദിരവും വെഞ്ചരിച്ച് വി.കുർബാനയർപ്പിച്ചു.

25 - ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയത്തിൽ പാസ്റ്ററൽ വിസിറ്റ് നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

- ഇടവകയിലുള്ള സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

26 - ചുണങ്ങുംവേലി നിവേദിതയിൽ ഓപ്പറേഷനുശേഷം വിശ്രമിക്കുന്ന ബിഷപ്പ് തോമസ് ചക്യാത്തിനെ സന്ദർശിച്ചു.

- ചുണങ്ങുംവേലി സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ സി. റിന്റ എം.എസ്.ജെ.യുടെ 41-ാം ചരമദിനം പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

27 - രൂപതാകാര്യാലയത്തിൽ സ്റ്റാർസി(STARS)ന്റെ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- വള്ളിയോട് സെന്റ് ജോസഫ്സ് ആശുപത്രിയുടെ രജതജൂബിലി യോടും സി. കെയ്റ്റ് M.S.J.യുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയോടുമനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

28 - സഹൃദയ എഞ്ചിനിയറിംഗ് കോളേജിൽ ഇന്റർ കൂരിയ മീറ്റിംഗിൽ സംബന്ധിച്ചു.

29 - ഗണേഷ്ഗിരി സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു.